സന്ധ്യ. ആർ.
III Bsc.Physics

# അരുന്ധതി തേടുകയാണ്...



അരുന്ധതി തേടുകയാണ്. വിദൂരമാം വീഥികളിൽ താൻ മരണത്തെ വാരിപുണർന്നു ആ ദിനങ്ങളെ തന്റെ കുടുംബത്തിനുവേണ്ടി അവൾ ഒരു ജീവയന്ത്രത്തെപോൽ പ്രവർത്തിച്ചു. വസന്തവും ഋതുക്കളും പോയ്മറഞ്ഞതവളറിഞ്ഞില്ല. പക്ഷെ കാലം അവളെ അവഗണിച്ചില്ല. നീണ്ട ഇടതൂർന്ന കാർകൂന്തലിൽ കാലം വെള്ളിനൂലുകൾകൊണ്ട് തന്റെ കരവിരുതുകൾ നടത്താൻ തുടങ്ങിയപ്പോൾ മാർദ്ദവമേറിയ കവിളിണകളിൽ കാലം ചുളിവുകൾ വീഴ്ത്തിയപ്പോൾ അവൾ മനസ്സിലാക്കി കാലത്തിനൊപ്പം തന്നിലെ വസന്തവും പോയ്മറഞ്ഞുവെന്ന്. ആ വെള്ളിനൂലുകളെ ഏറെയൊക്കെ അവൾ പിഴുതെറിഞ്ഞപ്പോൾ കാലം അവളെ നോക്കി പൊട്ടിച്ചിരിച്ചു. ഋതുക്കൾ തലതല്ലിക്കരഞ്ഞു.

കാലം വിളിച്ചുപറഞ്ഞു "അരുന്ധതി നീയെന്നോട് മല്ലിടേണ്ട. ഞാൻ കാലമാണ്. നിന്നിലെ പോയ്മറഞ്ഞ വസന്തമാണ് നീയെന്നെ അവഗണിച്ചു. അതിനുള്ള ശിക്ഷയാണിത്" അരുന്ധതി ദീർഘനിശ്വാസത്തോടെ മറുപടി പറഞ്ഞു "ഹേ കാലമേ, ഞാൻ നിന്നെ അവഗണിച്ചിട്ടില്ല. അതിനുമുമ്പേ അരുന്ധതി മരിച്ചു കഴിഞ്ഞിരുന്നു. യാന്ത്രികതയുടെ ചട്ടകൂടിലിരുന്നു വിങ്ങി തന്റെ മനസ്സ് എന്നേ മരിച്ചുകഴിഞ്ഞിരുന്നു. മരവിച്ചു കഴിഞ്ഞിരുന്നു. മനസ്സു മരിച്ച ശരീരത്തിനെന്തു ജീവൻ. പിന്നെ നിന്നെ അവഗണിച്ചതിനുള്ള ശിക്ഷ. ഈ വാർദ്ധക്യമോ അതു പ്രപഞ്ചസത്യമല്ലേ. ആ സത്യത്തെ തടുക്കാനാവുമോ. പ്രത്യേകിച്ച് ആധുനികതയുടെ അകാലവാർദ്ധക്യത്തിന്റെ ഈ യുഗത്തിൽ... കുറെ ആലോചിച്ചതിനുശേഷം അവൾ പറഞ്ഞു "എന്നിട്ടും ഞാൻ പലതും നേടിയിരിക്കുന്നു. എന്റെ കുഞ്ഞുങ്ങൾ അവരുടെ സുഖങ്ങൾ എല്ലാം, അവയല്ലെ എന്റെ ഏറ്റവും വലിയ സമ്പാദ്യം."

കാലം വീണ്ടും ചിരിച്ചു. പരിഹാസത്തിന്റെ ചുവയായിരുന്നു ആ ചിരിയ്ക്ക് "കുഞ്ഞുങ്ങൾ നീയാർക്കുവേണ്ടി ജീവിതസുഖങ്ങൾ ഹോമിച്ചുവോ അവർ നിനക്കെന്ത് നല്കി. വാർദ്ധക്യത്തിൽ വൃദ്ധസദനത്തിലെ ഏകാന്തതയോ നിന്നെ ഈ ഏകാന്തതയിൽ വലിച്ചെറിഞ്ഞ് സുഖങ്ങൾ തേടിയവർ പറന്നു. മക്കളുടെയും പേരക്കുട്ടികളുടെയും കൂടെ ജീവിക്കാൻ നീയെത്ര കൊതിച്ചു" വാക്കുകളിൽ നിറഞ്ഞ പരിഹാസധ്വനി അരുന്ധതി മനസിലാക്കാതിരുന്നില്ല. അവൾ പറഞ്ഞു. പ്രതിഫലേച്ഛയോടെയാണോ നാം സ്നേഹം നല്കാറുള്ളത്. എന്റെ കുഞ്ഞുങ്ങൾ അവർ എന്റെ ജീവൻെറ അംശമല്ലേ. പിന്നെ ആഗ്രഹങ്ങൾ... അവയുടെ ചിറകുകൾ വിഹായസ്സുമുഴുവൻ നിറഞ്ഞു നിൽക്കുന്നവയാണ്. അവയുടെ നിഴലിൽ പ്രാണവായു

വും വെളിച്ചവും ലഭിക്കാതെ ത[illegible]ന്നമരുന്ന ജീവിതമാകരുത് എന്റെ കുട്ടികളുടേത്. പിന്നെ ദുഃഖിക്കാനെന്തുണ്ട്. നാം എന്തെല്ലാം ആഗ്രഹിക്കുന്നു. എന്തെല്ലാം ലഭിക്കുന്നു.

കാലം പറഞ്ഞു."അപ്പോൾ അവർ അയക്കുന്ന അമേരിക്കൻ ഡോളറുകൾ നിനക്ക് സുഖങ്ങൾ വാങ്ങിത്തരുന്നുണ്ടാകും." അരുന്ധതിയുടെ കണ്ണുകൾ ചുവന്നു. അവൾ ചോദിച്ചു:"കാലമേ നീ സർവ്വജ്ഞാനിയല്ലേ വിലയ്ക്ക് വാങ്ങാൻ കഴിയാത്ത യാതൊന്നും മനുഷ്യജീവിതത്തിലില്ലയെന്ന എന്റെ മക്കളെപ്പോലെ നീയും ധരിച്ചുതുടങ്ങിയോ. നീയെന്റെ മനസ്സിലും പണമെന്ന വിഷം നിറയ്ക്കുകയാണ്. മധുരമുള്ള, ചോരയുടെ ഗന്ധമുള്ള വിഷം. പോകൂ എന്റെ മുമ്പിൽ നിന്ന് പോകൂ...



അരുന്ധതി

ബന്ധങ്ങളുടെ

ചങ്ങല പൊട്ടി

ച്ചെറിയൂ. ഒരു

പുതിയ പരമ്പര

നിന്നെ കാത്തു

കിടക്കുന്നു.

അവർക്ക് വഴി

കാട്ടൂ. അവർക്കെ

ങ്കിലും വഴിതെറ്റാ

തിരിക്കട്ടെ.

അരുന്ധതി മെല്ലെ ചിന്തകളിൽനിന്ന് മുഖം തിരിച്ചു. മറ്റുള്ളവരെല്ലാം വർത്തമാനപത്രങ്ങളിലും വാരികകളിലും മുഖം താഴ്ത്തിയിരിക്കുകയാണ്. ചിലർ കൂട്ടായിരുന്ന് സൊറപറഞ്ഞിരിക്കുന്നുണ്ട്. ഗ്രാനിയുടെ പുഞ്ചിരിയ്ക്ക് കൂടുതൽ ശക്തിയുണ്ടായിരുന്നു. അല്ലെങ്കിലും അവൾ എപ്പോഴും ചിരിക്കുമല്ലോ. നൊമ്പരങ്ങളും ചിലരെ ചിരിക്കാൻ പഠിപ്പിക്കുമല്ലോ. അതുകൊണ്ട് തന്നെ ഒരു കൃത്രിമത്വം ആ ചിരിയിൽ താൻ എന്നും ദർശിച്ചിരുന്നു. പക്ഷെ തന്റെ മനസിന്റെ അഗാധതയിലേക്ക് ആ ചിരി ഒരു നീരുറവപോൽ ഒലിച്ചിറങ്ങുന്നു. ഒരു ഗാനത്തിന്റേ ഈണംപോലെ അവയെന്റെ മനസ്സിനെ തഴുകിയുണർത്തുന്ന വാർദ്ധക്യത്തിൽ സമപ്രായക്കാരുടെ കൂടെയുള്ള ജീവിതം അമ്മയ്ക്കാശ്വാസം നല്കുമെന്ന് മകൾ പറഞ്ഞതെത്രശരിയാണ്.

കാലം നെടുവീർപ്പിട്ടു "അരുന്ധതി നീയിത്രയ്ക്കും ഡിഡ്ഢിയായിപ്പോയല്ലൊ. മാതൃത്വം നിന്നെ അന്ധയാക്കിയിരിക്കുന്നു. നിന്നെയൊഴിവാക്കാൻ നിന്റെ മരുമകളുടെ തലയിലുദിച്ച വക്രബുദ്ധിയല്ലേയിത്. നീയവർക്കൊരു ഭാരമായിരുന്നു. പിന്നെ ഏതെങ്കിലും സർക്കാർ ആശുപത്രിയുടെ ഇടനാഴിയിൽ നിന്നെ ഉപേക്ഷിക്കാൻ അവർക്കു തോന്നിയില്ലല്ലോ എന്ന് നിനക്കാശ്വസിക്കാം." ചിന്തകളുടെ കളിത്തൊട്ടിലായി മനസ്സ് മാറുന്ന ഈ വാർദ്ധക്യത്തിൽ ദുഷ്ചിന്തകൾക്കിടം കൊടുക്കരുത് എന്നുകരുതി അരുന്ധതി ജോലികളിൽ വ്യാപൃതയായി. മണിക്കൂറുകളുടെ വ്യാപ്തി മനസ്സിലാക്കുന്നത് ഇപ്പോഴാണ്. ഓരോ ദിനവും കാലയവനികയ്ക്കുള്ളിലേക്ക് വലിച്ചെറിയുകയാണ്, അവസാനവും കാത്ത്... എണ്ണി... എണ്ണി..

ഇരുളിന്റെ നെടുവീർപ്പുകൾക്ക് ആക്കം കൂടിവന്നു. അരുന്ധതിക്കുറങ്ങാൻ കഴിഞ്ഞില്ല. ഗ്രോനിയുടെ മുറിയിൽ ഡോക്ടർമാർ കിണഞ്ഞു പരിശ്രമിക്കുകയാണ്. തന്നെ വിട്ടുപിരിയാൻ വെമ്പുന്ന ആത്മാവിനെ മാറോടു ചേർക്കാൻ വെമ്പുന്ന ശരീരം. പറിച്ചെടുത്ത ഹൃദയവുമായി ആത്മാവകലുമ്പോൾ. ശരീരം നിർന്നിമേഷനായി നിൽക്കുന്നു. നിശയുടെ അന്ത്യയാമത്തിലാ ജീവനലിഞ്ഞില്ലാതായി. തണുത്തു മരവിച്ച ശരീരത്തിൽ മുഖത്തെ പുഞ്ചിരി മാത്രം മായാതെ നിന്നു. കാലം പറഞ്ഞു: "ഈ ചിരി നീ കാണുന്നില്ലെ. അരുന്ധതി, മാതൃത്വത്താൽ അന്ധമായ ആത്മാവിനെ ശരീരം പരിഹസിക്കുകയാണ്. ഞാൻ നിനക്ക് കാണിച്ചു തരുന്ന ഉത്തമ ഉദാഹരണമാണിത്. ഉണരൂ, അരുന്ധതീ... ഉണരൂ.. മാതൃത്വത്താൽ അന്ധമായ കണ്ണുകൾ തുറക്കൂ... നിന്നിലെ സ്ത്രീത്വത്തെയാണീ ലോകത്തിനാവശ്യം. കാരുണ്യത്തിന്റെ ക്ഷമയുടെ നിലവിളക്കായ നിന്നിലെ സ്ത്രീത്വത്തെ ലോകത്തിന്റെ വിളക്കാക്കി മാറ്റൂ.

ഗ്രാനിയുടെ ശവസംസ്കാരം തികച്ചും ലളിതമായി നടന്നു. ഒന്നിനും ഒരു കുറവും വരുത്തരുതെന്ന് അവരുടെ മകൻ വിളിച്ചുപറഞ്ഞിരുന്നു. താൻ നട്ടുവളർത്തിയ റോസാപൂക്കളിൽ ഒന്നായി ഗ്രാനിയുമുണ്ട് എന്ന് അരുന്ധതിക്ക് തോന്നി. അത് ഏതോ കാലൊച്ച കേൾക്കാൻ കാതോർത്ത് നിൽക്കുന്നതായി അവൾക്ക് തോന്നി. അവൾ ചിന്തിച്ചു, എന്തൊരു മക്കളാണവർ. പെറ്റമ്മയുടെ അന്ത്യകർമ്മങ്ങൾ പോലും ചെയ്യാൻ സമയമില്ല. തന്റെ മക്കളാണെങ്കിൽ ഓടിയെത്തുമായിരുന്നു.

കാലം പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു "ഇല്ല അരുന്ധതീ ഇല്ല. നീ കണ്ടത് നിന്റെ അന്ത്യമാണ്. സമസ്ത ജീവജാലങ്ങളുടെ അന്ത്യമാണ്. നീ കണ്ട മരണവെപ്രാളം യാന്ത്രികതയുടെ ചട്ടക്കൂടിൽ ഞെരിഞ്ഞമർന്നുകൊണ്ടിരിക്കുന്നു. കുടുംബബന്ധങ്ങളുടെ വേദനയാണ് നീ കണ്ട മരവിപ്പ് സമൂഹമനസാക്ഷിയുടെ മരവിപ്പാണത്. അരുന്ധതി ബന്ധങ്ങളുടെ ചങ്ങല പൊട്ടിച്ചെറിയൂ. ഒരു പുതിയ പരമ്പര നിന്നെ കാത്തു കിടക്കുന്നു. അവർക്ക് വഴി കാട്ടൂ. അവർക്കെങ്കിലും വഴിതെറ്റാതിരിക്കട്ടെ.

"കാലമേ പോകൂ എന്റെ മുമ്പിൽ ഇന്ന് നീ വിഷമുള്ള പാമ്പാണ്. നിന്നിൽ കാരാളവിഷമാണുള്ളത്. അവയെന്നെ ഞെരുക്കുന്നു വേഗം പോകൂ.."

□

റഹ്മത്ത് ഇ.പി.
Ist BSc ബോട്ടണി

# അവൾ ആരായിരുന്നു..?

തിരമാലകളുടെ നിഗൂഢ സൗന്ദര്യത്തിനുമപ്പുറമുള്ള ചക്രവാളരേഖയിലേക്കു കണ്ണും നട്ടിരുന്നപ്പോൾ ഒരുവേള മഹത്തായ ദൈവിക ചൈതന്യമോർത്ത് മനസ്സൊരു ശാന്തിയുറവയായ് മാറി. ചിന്തകൾക്കു വിരാമമിട്ടത് ഒരു പക്ഷേ കേട്ടുമറന്നുവെന്ന് കരുതിയ ആ സ്വരമായിരിക്കാം. ഞങ്ങളുടെ സായാഹ്നങ്ങൾ അനുഭവസമ്പന്നമാക്കാറുള്ള ഈ കടലോരത്ത് ഇന്നൊരു അതിഥി കൂടിയുണ്ട്. ഒരു പൂവില്പനക്കാരി. ഞാനതറിഞ്ഞത് ജയശ്രീ പറഞ്ഞാണ്. ക്ഷമിക്കണം. ജയശ്രീ ആരാണെന്ന് പറഞ്ഞില്ലല്ലോ. ഓഫീസിലെ എന്റെ സഹപ്രവർത്തക. മാത്രമല്ല; പലപ്പോഴും വഴിതെറ്റിയലയാറുള്ള എന്റെ വഴികാട്ടിയും.

കുറച്ചകലെയായി മണലിൽ ഒരു തുണി വിരിച്ച് പുഷ്പവൃക്ഷത്തിനരികിലായി ആ ചുവന്ന പാവാടക്കാരി ഇരിക്കുന്നത് കണ്ടു. ഇപ്പോൾ സത്യമായും എനിക്ക് ഓർമ്മ വന്നത് കല്യാണമണ്ഡപത്തിലിരിക്കുന്ന ഒരു നവോഢയെയാണ്. ഗ്രീഷ്മത്തിലെ നിലാവ് പോലെ, ആ പുഞ്ചിരിപോലെ ധവളിമയാർന്ന മുല്ലപ്പൂമാല ആ മുടിയിൽ നല്ലൊരു ചേർച്ചയായിരുന്നു. ചെമന്ന കല്ലിൽ തീർത്ത ആ മൂക്കുത്തി പോക്കുവെയിലിൽ തിളങ്ങാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഞങ്ങളോരോരുത്തരും സ്വന്തമാണെന്ന് കരുതാറുള്ള ഈ വിശാലതയിൽ പുതിയൊരു അതിഥി കൂടി വന്നാൽ പരിചയപ്പെടൽ സ്വാഭാവികമാണല്ലോ.

“മുല്ല, റോസ് വാങ്ങൂ ചേച്ചീ..” അവളുടെ പ്രതീക്ഷ കിനിയുന്ന വരണ്ട സ്വരം എന്നെ അങ്ങോട്ട് ആകർഷിച്ചു. ജയശ്രീ നീരസഭാവത്തിൽ തലവെട്ടിച്ചു. അവളുടെ ശ്രദ്ധ ഏതോ ഹിന്ദിഗാനം പാടിക്കൊണ്ടിരിക്കുന്ന ഒരു വൃദ്ധനിലാണ്. അയാൾ പലപ്പോഴും, കറപിടിച്ച പല്ലുകൾ മുഴുവനും പുറത്തു കാട്ടി ഞങ്ങളോട് ചിരിക്കാറുണ്ട്. എന്നും ഏതോ വിഭ്രമാവസ്ഥയിൽ ചമ്രം പടിഞ്ഞിരുന്ന് എന്തൊക്കെയോ പുലമ്പുന്നത് കേൾക്കാം. സിഗരറ്റു തീനികളായ നാലഞ്ചു വായനോക്കികൾ പൂവില്പനക്കാരിയെ കൂർത്ത കണ്ണുകൾകൊണ്ട് ചൂഴ്ന്നുകൊണ്ടിരുന്നു. മുഷിപ്പൻ കമന്റടികൾ കേട്ടില്ലെന്നു നടിച്ചു. പേര്?...

അത്ഭുതഭാവത്തിൽ മുഖത്ത് മിഴികളൂന്നിക്കൊണ്ട് പറഞ്ഞു: “പഞ്ചമി” അവളോട് ഒരാൾ പേരു ചോദിക്കുന്നത് ഇതാദ്യമായാണോ എന്ന് എനിക്ക് തോന്നിപ്പോയി. കാരണം ഒരു മനുഷ്യനെ ഇതാദ്യമായാണ് കാണുന്നതെന്ന നിലയിലാണ് അവൾ എന്നെ നോക്കിയത്. ഈ മുഖം? പഞ്ചമി,, പഞ്ചമി, പഞ്ച.... കവിത വിരിയുന്ന ശബ്ദത്തിന് ഒരുപാട് നേരത്തെ പ്രതിധ്വനി.

വീട്...?

രണ്ടാമത്തെ ചോദ്യത്തിന് താമസമുണ്ടായില്ല. വീട്? ഉത്തരം അറിയാതെ അവൾ പരുങ്ങി. മൗനം ഞങ്ങൾക്കിടയിൽ അല്പനേരത്തേക്ക് തികച്ചുമൊരു സ്വകാര്യതയായി മാറി. ഒരു നിമിഷം! എന്തോ ഒരുൾപ്രേരണ എന്ന പോലെ 'ചിന്നേ' എന്നൊരു വിളി. താമരയിതൾ പോലുള്ള ആ കൈകൾ എന്റെ കരങ്ങൾക്കുള്ളിലായത് എപ്പോഴായിരുന്നു? അറിയില്ല. ഞാൻ, ഞാൻ എന്നെത്തന്നെ മറന്നുകൊണ്ട് പറഞ്ഞറിയിക്കാനാവാത്ത എന്തോ നിർവൃതിയിലായിരുന്നു. അവൾ എന്നെ കെട്ടിപ്പിടിച്ചു വാചാലതയിലലിഞ്ഞു ഒറ്റ ശ്വാസത്തിൽ വിശേഷങ്ങളുടെ, സംഭവങ്ങളുടെ ചെപ്പു തുറന്ന് വിലപ്പെട്ട ആ സമയം എനിക്കുവേണ്ടി ചെലവഴിക്കുമെന്ന് ഞാൻ കൊതിച്ചുപോയി. വെറുതെ. നിർവ്വികാരതയുടെ വേരുകൾ ആഴത്തിൽ പടർന്നു പിടിച്ച ആ നീണ്ട കണ്ണുകൾ എന്നെ കൂടുതൽ ഭ്രാന്തമായ അവസ്ഥയിലാക്കി മാറ്റി.

“നീ, നീ ആരാണ്...?” കൈകൾ അമർത്തിപ്പിടിച്ചു കൊണ്ടുതന്നെ ഉച്ചത്തിൽ ചോദിച്ചു. ഇപ്പോൾ എന്റെ കൈകൾക്കുള്ളിൽ ജയശ്രീയുടെ കൈകളാണെന്നറിഞ്ഞപ്പോൾ ജാള്യത തോന്നി. എന്തൊക്കെയോ പറയണമെന്നുണ്ട്. നാവു വഴങ്ങുന്നില്ല. സാധാരണ എല്ലാ സുഹൃത്തുക്കളും ചെയ്യാറുള്ളത് പോലെ, എന്റെ വിഭ്രമാവസ്ഥയിൽ ജയശ്രീ എന്നെ ഏകാന്തതയുടെ മൺപുറ്റിലിരുത്തി. സ്വൈര്യമായി കരയാൻ. അവൾക്ക് എന്തൊക്കെയോ തോ

ന്നിയിരിക്കണം. പഞ്ചമി ഒന്നുമറിയാത്തപോലെ അവളുടെ തൊഴിൽ തുടർന്നുകൊണ്ടിരുന്നു. എന്ന് പറഞ്ഞാൽ ഒരു പക്ഷേ നിങ്ങൾ നെറ്റി ചുളിച്ചേക്കാം. പക്ഷെ എനിക്കറിയാം രണ്ട് മനസ്സുകൾ ഇപ്പോൾ ഒരേ തോണിയിൽ യാത്ര ചെയ്യുകയാണെന്ന്.

അനുഭവങ്ങളുടെ കളിവീടായ തറവാട് വീട്, മണ്ണിന്റെ ഗന്ധമുള്ള സ്നേഹിക്കാൻ മാത്രമറിയുന്ന ഗ്രാമം. എല്ലാം കണ്ണാടിയിലെന്നപോലെ കാണുന്നു. ജോലിസ്ഥലത്തു നിന്നു മാസത്തിലൊരിക്കൽ മാത്രം വരുന്ന അച്ഛന് ഞങ്ങൾ, ഞാനും അമ്മയും തനിച്ചാവുന്നത് എന്നുമൊരസ്വസ്ഥതയായിരുന്നു.

അതൊരു വർഷകാലമായിരുന്നു. ഉച്ചയൂണിന്റെ സമയത്തായിരുന്നു പരുപരുത്ത ആ ശബ്ദം കേട്ടത്. മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളുള്ള, തടിച്ചു കുറുകിയ ആ മധ്യവയസ്കനെ ഞാൻ ആദ്യം ശ്രദ്ധിച്ചിരുന്നില്ല. മഴകൊണ്ട് നനഞ്ഞ, അങ്ങിങ്ങായി നരച്ച തല ഒരു തോർത്തുമുണ്ടെടുത്തു തുടച്ചുകൊണ്ടിരുന്നു അയാൾ. ഇതൊന്നുമായിരുന്നില്ല എന്റെ അമ്പരപ്പിന്റെ കാരണം. വീട്ടുജോലിക്കെന്നും പറഞ്ഞു കൊണ്ടുവന്ന, കഷ്ടിച്ച് എട്ടുവയസ്സു മാത്രം തോന്നുന്ന ബാലികയെ കണ്ടതായിരുന്നു.

അപ്പോൾ ഞാൻ ഒരിക്കലും ഓർത്തിരുന്നില്ല അവളൊരിക്കൽ എന്റെ ജീവിതഭാഗമായി മാറുമെന്ന്. അമ്മയുടെ അനുകൂല മറുപടിയിൽ എന്തെങ്കിലും കഴമ്പില്ലാതിരിക്കില്ല എന്നറിയാം. പഞ്ചമിയെ എനിക്കും നന്നായി പിടിച്ചു.

എന്റെ ലോലഹൃദയയായ അമ്മയ്ക്ക് ആ കുട്ടിയോട് വല്ലാത്തൊരു സഹതാപം തോന്നിയിരിക്കണം. അവളെ ഞങ്ങൾ എന്റെ അനുജത്തിയാക്കി മാറ്റിയത് എത്ര പെട്ടെന്നായിരുന്നു. (അതോ സുഹൃത്തോ?) എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ. സ്നേഹത്തിന്റെ പ്രകാശമുള്ള നിലാവും പിന്നെയും എന്തൊക്കെയോ ഞാൻ അവളിൽ കണ്ടു. അനാഥയായ അവളെ ചെറിയച്ഛനെന്നു പറയുന്ന ആൾ ഒരു യന്ത്രമാക്കി മാറ്റിയിരുന്നു. പണം കൊല്ലാനുള്ള ഒരു യന്ത്രം. എന്തെല്ലാം സംഭവങ്ങൾ. എന്നോ സ്നേഹിച്ചിരുന്ന ഒരിളയമ്മയുടെ സ്മരണയിൽ അവളെത്തന്നെ 'ചിന്ന' എന്നു വിളിച്ചുപോന്നു. ഞങ്ങൾക്ക് പിരിയുവാൻ കഴിയുമായിരുന്നില്ല. മനുഷ്യചിന്തക്കതീതമായി ദൈവം മറ്റൊന്നു വിധിക്കുന്നു.

ചെറിയച്ഛന്റെ വരവിൽ തന്നെ എന്തോ പന്തികേടു തോന്നിയിരുന്നു. ഗോപ്യമാക്കി വെച്ച എന്തോ. തിരിച്ചറിവ് നഷ്ടപ്പെട്ട ഈ ലോകത്ത് ആത്മബന്ധങ്ങൾക്കെന്ത് വില എന്ന് ഒരു പക്ഷെ നിങ്ങൾ ചിന്തിച്ചേക്കാം. പക്ഷെ, എനിക്കവളെ പിരിയാൻ, അല്ല മറക്കാൻ തന്നെ കഴിയുമായിരുന്നില്ല. പോകാൻ മടിച്ച അവളെ ചെറിയച്ഛന്റെ വന്യമായ നോട്ടം കീഴടക്കി. അയാൾ എന്നിൽനിന്നും അവളെ പറിച്ചുകൊണ്ടുപോവുകയായിരുന്നു. ഇതും ഒരു മഴക്കാലം.

നഷ്ടബോധത്തിന്റെ ചുടുകാറ്റിൽപെട്ട മനസ്സുപൊള്ളി, ഭ്രാന്തമായ ദിനരാത്രങ്ങൾ ഒരുപാടു കഴിഞ്ഞുപോയി. പഞ്ചമിയുടെ വീട്, അല്ല നാടുപോലും ഞങ്ങൾക്കജ്ഞാതം. മാസങ്ങൾ, പിന്നെ വർഷങ്ങൾ...

സൂര്യന്റെ നീരാടുസമയം. ഞാൻ ആരുടെ ശബ്ദവും കേട്ടിരുന്നില്ല. കടലിന്റെ താളം തെറ്റാത്ത നിശ്വാസം മാത്രം. എന്തുകൊണ്ടോ അതെനിക്കൊരു സാന്ത്വനമായിരുന്നു.

"ഛെ, എന്തായിത്, സമയെത്രായീന്നറിയ്യോ?" സജലങ്ങളായ എന്റെ മിഴികൾ ആരെയോ തിരയുകയാണെന്നറിഞ്ഞപ്പോൾ ജയശ്രീ പാതിയിൽ നിർത്തി.

"അവളെവിടെ?"

"ആര്?"

"പഞ്ച... ആ പൂക്കാരി.."

"ആ.. ഞാൻ ശ്രദ്ധിച്ചില്ല."

ഇന്നാദ്യമായി എനിക്ക് അവളോട് പൊട്ടിത്തെറിക്കാൻ തോന്നി. ഒരുപാടുപേരോടന്വേഷിച്ചു. ഫലമില്ല. ശരിക്കുമവൾ എന്റെ പഞ്ചമിയായിരുന്നില്ലേ. "ചിന്നേ" എന്നുവിളിച്ചത്? എന്റെ ഭ്രാന്തുപിടിച്ച തോന്നലു മാത്രമായിരുന്നോ? അല്ല. ആ സ്വരം എന്റെ അനുജത്തിയുടേതല്ലേ. കാലം അവളിൽ ഒരുപാട് ചിത്രങ്ങൾ നെയ്തെങ്കിലും ഒരു കാട്ടാളൻ അവളെ വെറും ഉപഭോഗവസ്തുവായി മാറ്റിയെങ്കിലും അവളുടേതു മാത്രമായ ഒരു സ്വത്തു മാത്രം നഷ്ടപ്പെട്ടില്ല. നിലാവിലലിയുന്ന ആ പുഞ്ചിരി.

അവൾ വെറുമൊരു അപൂർണ്ണ കഥാപാത്രം എന്ന യാഥാർത്ഥ്യം എനിക്ക് നേരെ വാളോങ്ങി. വർഷങ്ങൾക്കു ശേഷമാണെങ്കിൽപോലും അവളെന്നെ തിരിച്ചറിഞ്ഞില്ല? എന്തുകൊണ്ട്? എന്താണ് അവളിലെ ദുരൂഹത? ചോദ്യങ്ങൾ അനാഥപ്രേതങ്ങൾപോലെ തുറിച്ചുനോക്കുന്ന ചോദ്യങ്ങൾ മാത്രം ബാക്കിയാവുന്നു. പെയ്യാൻ വെമ്പുന്ന കാർമേഘത്തിൽനിന്നും ഒരുതുള്ളി നൊമ്പരം താഴേയ്ക്കു പതിച്ചു. നിയോഗമെന്നല്ലാതെന്തു പറയാൻ. ഇതും ഒരു വർഷകാലം.

□

# അവൾ ഒന്നും ചോദിച്ചിരുന്നില്ലെങ്കിൽ...

മൻസൂർ അലി. കെ.വി
IInd MA Arabic


ട്രെയിൻ അന്നും പതിവു തെറ്റിച്ചില്ല. ഒന്നരമണിക്കൂർ വൈകിയാണ് വണ്ടിയോടിക്കൊണ്ടിരിക്കുന്നത് എന്ന് പ്ലാറ്റ്ഫോമിലുള്ള കാഹളം പറഞ്ഞുകൊണ്ടേയിരുന്നു. അതൊരു പഴയ റെയിൽവെസ്റ്റേഷനായിരുന്നു. അടുത്തുള്ള സിമെന്റ് ബെഞ്ചിലേക്ക് കയറിയിരിക്കുകയല്ലാതെ മറ്റ് മാർഗമൊന്നും മുമ്പിലുണ്ടായിരുന്നില്ല.

ഇനിയിപ്പോൾ നാട്ടിലെത്താൻ വൈകും. അമ്മയുടെ സ്നേഹശകാരം കേൾക്കേണ്ടിവരും. ഇന്ന് തിങ്കളാഴ്ചയാണ്. ഇന്നലെയുടെ വാർത്താപ്പതിപ്പുകൾ കൈയിൽ കരുതിയത് നന്നായി. ഓരോന്നിലേക്കും കണ്ണുകൾ പാഞ്ഞും പതുങ്ങിയും നടന്നു.

വീണ്ടും അറിയിപ്പ്...! "ട്രെയിൻ രണ്ടര മണിക്കൂർ ലേറ്റാണ്." തിളച്ചുമറയുന്ന കോപമാണ് വന്നത്. അടക്കി, അതല്ലേ മാർഗമുള്ള "ഹായ് ശ്യാം..." അൻവറാണ്.

രണ്ട് സ്റ്റേഷനപ്പുറംവരെ അവനുണ്ടാകും.

ചൂളംവിളിച്ചുകൊണ്ട് ട്രെയിൻ വന്നപ്പോൾ ഞങ്ങൾ തിരക്കിട്ട് കയറി. വൈകിയതുകൊണ്ടാണെന്നു തോന്നുന്നു സാധാരണ കാണാറുള്ള തിരക്ക് അന്നു കണ്ടില്ല. അൻവർ എങ്ങോട്ടോ ഊളിയിട്ടിറങ്ങി. നില്ക്കേണ്ടിവന്നില്ല. സ്വസ്ഥമായ ഒരു ഇരിപ്പിടം.




മുമ്പിൽ ഒരു പെൺകുട്ടി. ഒരു സ്ത്രീ, ഒരു കുട്ടി. എന്റൊപ്പം മൂന്നു പേരും. ക്രിസ്തുമസ് അവധി കഴിഞ്ഞ് മടങ്ങുന്നവരാണ് കൂടുതൽ പേരും എന്ന് മനസ്സിലാകുന്നു. ഇനി മൂന്നു മണിക്കൂർ ഇതിനകത്തിരിക്കണം. ഉറക്കംതന്നെ ശരണം. സ്റ്റേഷനു

കൾ കഴിയുന്തോറും ട്രെയിനിന് വേഗത കൂടിക്കൊണ്ടിരുന്നു.

മുമ്പിലിരുന്ന സ്ത്രീയും കുട്ടിയും ഇറങ്ങിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഉറക്കം ഞെട്ടിയപ്പോഴാണറിഞ്ഞത്. മുന്നിൽ നീലക്കണ്ണുകളുള്ള പെൺകുട്ടി. പെൺകുട്ടി എന്നോട് പരിചയം ഭാവിച്ചോ? സ്വതവേയുള്ള എന്റെ ലജ്ജ പരിചയപ്പെടുത്തുന്നതിൽനിന്നും എന്നെ പുറകോട്ട് വലിച്ചു.

ഞങ്ങൾ ട്രെയിനിൽ മുഖാമുഖമാണ്. മറ്റുള്ളവർ ഞങ്ങളെ ശ്രദ്ധിക്കാതിരിക്കുന്നില്ല. പുറത്ത് ഇരുട്ടിന് കട്ടികൂടിക്കൊണ്ടിരുന്നു.

വൈകീട്ട് ആറുമണിക്ക് തീർച്ചയായും എത്താമെന്ന് അമ്മയോട് വാക്കു പറഞ്ഞതാണ്. ഇനിയിപ്പോൾ എട്ടുണി....!

അവൾ വാച്ചിലേക്കും, പുറത്തേക്കും മാറിമാറി നോക്കുകയായിരുന്നു. പരിഭ്രമിച്ച കണ്ണുകൾ ചിലപ്പോൾ എന്നിലേക്കും. എന്റെ പുസ്തകക്കെട്ടുകൾ കണ്ടാവണം അവൾ അതിലേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നു.

തിരക്കു കുറഞ്ഞ സ്റ്റേഷനിൽ വണ്ടി നിർത്തിയപ്പോൾ പുറത്തേക്കു നോക്കി. അടുത്ത സ്റ്റേഷനിൽ എനിക്കിറങ്ങണം. കൊലയും, കൊലവിളിയും നടക്കുന്ന നഗരമാണത്. കഴിഞ്ഞ മാസമാണ് അറ്റുപോയ ഒരു കൈപ്പത്തി ഒരു ബാറിന്റെ പിറകിൽ നിന്നും കണ്ടുകിട്ടിയത്. ഇനിയിപ്പോൾ... അധികം താമസിച്ചാൽ...

വാഷ്ബേസിനിൽ മുഖം കഴുകി പുസ്തകക്കൂട്ടങ്ങൾ അടുക്കിവെയ്ക്കുമ്പോൾ അവളെന്നോടു ചോദിച്ചു. "നിങ്ങൾ അടുത്ത സ്റ്റേഷനിൽ ഇറങ്ങ്വോ?"

"അതെ... ഇറങ്ങും..."

ട്രെയിനിന് വേഗത കൂടിക്കൊണ്ടിരുന്നു. കുറച്ചുസമയം അവളൊന്നും മിണ്ടിയില്ല

"എന്റെ പേര് അനുരാധ" അവൾ സ്വയം പരിചയപ്പെടുത്തി. എഞ്ചിനീയറിംഗ് ഫസ്റ്റ് ഇയർ വിദ്യാർത്ഥിയാണെന്നും അമ്മാവന്റെ വീട്ടിലേക്ക് പുറപ്പെട്ടതാണെന്നും. ഞാൻ കൂടുതലൊന്നും ചോദിച്ചില്ല.

ഞാനിറങ്ങാനായി എഴുന്നേറ്റപ്പോൾ യാചനാസ്വരത്തിലായി അവൾ പറഞ്ഞു. "പ്ലീസ്... എന്റെ കൂടെ എനിക്കിറങ്ങേണ്ട സ്റ്റേഷൻ വരെ വരാമോ.... ട്രെയിൻ ഇത്രയും വൈകുമെന്ന് കരുതിയില്ല.." ഒരു നിമിഷം... ഞാൻ അന്ധാളിച്ചു. അവൾ പലതും പറഞ്ഞുകൊണ്ടേയിരുന്നു. അവൾക്കിറങ്ങേണ്ട സ്ഥലത്തെ പറ്റിയും, സ്റ്റേഷൻ പരിസരത്തെപറ്റിയും.



ഇന്ന് ഡിസമ്പർ മുപ്പത്തിയൊന്ന്. ബുധൻ. പത്രത്താളുകൾ ചിതറി വീണ കുടിലിന്റെ ഓരത്ത് നിശ്ചലനായി ഞാൻ കിടക്കുകയാണ്. അത് എനിക്കെങ്ങനെ വിശ്വസിക്കാനാവും." വൈകിവന്ന ട്രെയിനിൽ വന്നിറങ്ങിയ പെൺകുട്ടിയെ.."

എനിക്കു ഒന്നും പറയാൻ കഴിഞ്ഞില്ല. "പ്ലീസ്... നിങ്ങൾ വരണം" നിറഞ്ഞ കണ്ണുകളോടെ അവളതു പറഞ്ഞപ്പോൾ...., ഓർത്തു... അമ്മ! ഇനിയും ഞാൻ താമസിച്ചാൽ...! അടുത്തസ്റ്റേഷനാണ് അവളുടേതെന്നറിയാം. എന്നാലും.....

വണ്ടി പതിഞ്ഞശബ്ദത്തോടെ എനിക്കിറങ്ങേണ്ട സ്റ്റേഷനിൽ നിർത്തിയപ്പോൾ 'എനിക്കു പോകണം' എന്നു പറഞ്ഞുകൊണ്ട് ഞാനോടുകയായിരുന്നു.

ഇന്ന് ഡിസമ്പർ മുപ്പത്തിയൊന്ന്.

ബുധൻ.

പത്രത്താളുകൾ ചിതറിവീണ കുടിലിന്റെ ഓരത്ത് നിശ്ചലനായി ഞാൻ കിടക്കുകയാണ്. അത് എനിക്കെങ്ങനെ വിശ്വസിക്കാനാവും." വൈകിവന്ന ട്രെയിനിൽ വന്നിറങ്ങിയ പെൺകുട്ടിയെ.."

മനസ്സിൽ ഒരു നീറ്റൽ... ഒരു നിലവിളി. "പ്ലീസ്...നിങ്ങൾ വരണം." എവിടെയൊക്കെയോ ആ ശബ്ദം ആഞ്ഞു പതിക്കുകയാണ്. അവളുടെ ഭീതിദായകമായ ശബ്ദം മുഴങ്ങിക്കൊണ്ടേയിരുന്നു.

ഇന്ന്,

ഒരു വർഷത്തിന്റെ അവസാനം രാത്രി കടന്നുവന്നപ്പോൾ മുമ്പിൽ ഡയറിത്താളുകൾ തുറന്നുവെച്ചു. ഒരു വർഷത്തിന്റെ നൊമ്പരങ്ങൾ, സന്തോഷങ്ങൾ എല്ലാം ഏറ്റുവാങ്ങിയ ഈ ഡയറിയുടെ അവസാന പുറങ്ങളിൽ എനിക്കെന്തു കുറിക്കാൻ കഴിയും.

കരഞ്ഞു കലങ്ങിയ കണ്ണുകളുമായി വർഷത്തിന്റെ അന്ത്യയാമത്തിൽ കുറിച്ചു. 'ഒരു നിലവിളിക്ക് ഉത്തരം നല്കാൻ കഴിയാതെ പോയ ഒരു ജന്മം.' □

*എ.പി.പി. അനുസ്മരണ കഥാരചനയിൽ സമ്മാനാർഹമായ കഥ*

**സുധാകരൻ**

# ജാനറ്റ് തബലയിലലിഞ്ഞു




തീർത്തും അപ്രതീക്ഷിതം എന്നേ ഈ ഫോൺകോളിനെക്കുറിച്ച് ജയന്ത് പറയാനിടയുള്ളൂ. കാരണം, കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഒരിക്കൽപോലും ഫോൺ അവർക്കിടയിൽ കയറിവന്നിട്ടില്ല. തികച്ചും സംശയാസ്പദമായ ഒരവസ്ഥയിലാണ് ഇന്നലെ രാവിലെ അവനവളെ കണ്ടത്; നഗരത്തിലെ ഏറ്റവും തിരക്കുള്ള സൗത്ത് ബസാറിലെ ഇടുങ്ങിയ റോഡിൽ, ഏതോ ഒരു മാരുതികാർ ഒരു കുട്ടിയെ ഉരസിയെന്ന കാരണം പ്രമാണിച്ചുണ്ടായ വക്കാണത്തിനിടെ, ഒരു മിന്നായംപോലെ. ഇളം മഞ്ഞ സ്കാർഫ് തലയിലേക്കു വലിച്ചിട്ട് ആ മാരുതിയിൽനിന്ന് ധൃതിയിൽ ഇറങ്ങി ആൾക്കൂട്ടത്തിൽ മാറുകയാണുണ്ടായത്. അപ്പോൾ ജയന്ത് തന്റെ സൈക്കിൾ, ഫുട്പാത്തിലെ ഇളകിയ ഒരു കോൺക്രീറ്റ് സ്ലാബിനു ചേർത്തു നിർത്തി തർക്കത്തിലേക്ക് എത്തിവലിയുകയായിരുന്നു. ആ തിരക്കിലും തന്നേയവൾ കണ്ടിരിക്കുമെന്നവൻ ഊഹിച്ചു. ഏതായാലും വൈകീട്ട് അവളുടെ ഹോസ്റ്റലിൽ പോവുകതന്നെ. ഒടുവിൽ അവന് അങ്ങനെ തീരുമാനിക്കേണ്ടിവന്നു.

ബ്രഷിൽ ഒരു സെന്റിമീറ്റർ കണക്കാക്കി ക്ലോസപ്പ് പകരുമ്പോഴാണ് അവൻ തലേരാത്രിയിലെ സ്വപ്നത്തെക്കുറിച്ചോർത്തത്. അത് വേനലിന്റെ തോട്ടമായിരുന്നു.

ബ്രഷിൽ ഒരു സെന്റിമീറ്റർ കണക്കാക്കി ക്ലോസപ്പ് പകരുമ്പോഴാണ് അവൻ തലേരാത്രിയിലെ സ്വപ്നത്തെക്കുറിച്ചോർത്തത്. അത് വേനലിന്റെ തോട്ടമായിരുന്നു. അപ്പോൾ അല്ലാ

രാഖയുടെ തബല ധിനി ധിനിക്കുന്നുണ്ടായിരുന്നു. അതുപോലെ തന്നെ ദ്രുതവിളംബിത സ്പന്ദനങ്ങളുമായി ഒരു ഹൃദയം ഒരു ഉണക്കമരത്തിന്റെ ഏറ്റവും ഉയർന്ന, ആകാശത്തേക്കു കൂർത്തിരിക്കുന്ന കൊമ്പിൽ കോർത്തിരുന്നു. അതിൽനിന്നുറന്ന ഏറ്റവും ഒടുവിലെ രക്തത്തുള്ളി താഴ്ന്നിറങ്ങി തായ്‌വേർ മുനമ്പിലെ ഏറ്റവും അവസാനത്തെ ബിന്ദുവിനേയും നനച്ചു. അപ്പോൾ, ആ ഹൃദയത്തിന്റെ ഇരുപള്ളകളിലും കുനുകുനേ തൂവൽ കുരുത്ത് വന്ന് രണ്ട് കുഞ്ഞിച്ചിറകുകളാകുന്നതും ഒടുവിൽ ഹൃദയം, കോർത്തിരുന്ന കൊമ്പിൽനിന്നുയർന്ന് നക്ഷത്രരാശിയുടെ പ്രാചീനമായ ഏകാന്തതയിലേക്കു പറന്നകലുന്നതും അവൻ കണ്ടു. അപ്പോഴേക്കും അവൻ ഉണർന്നിരുന്നു.



"സീയെച്ച് ത്രീ സിയെച്ച് ഓഓയെച്ച്... യൂനോ ആൾ ആൾക്കഹോൾ കോ..."

ബഹളത്തിനിടയിൽ അധ്യാപകന്റെ ശബ്ദം ഉച്ചത്തിലാവുകയും അപ്പോൾതന്നെ ലോങ്ങ്ബെല്ലടിക്കുകയും ചെയ്തു.

താങ്ക്യൂ സാർ... ഒരനുഷ്ഠാനം പോലെ ഒരുവിട്ട് കുട്ടികൾ ഇറങ്ങിയോടി. അന്തരീക്ഷത്തിൽ തിരക്കിന്റെ ശബ്ദം നിറഞ്ഞു. ഇടനാഴിയിൽ തിക്കും തിരക്കും സൃഷ്ടിക്കപ്പെട്ടു. മാറിടത്തിലൊരു തലോടൽ, നിതംബത്തിലൊരു ഞെരുക്കം, തോളിലൊരു ഉരസൽ.... ഇപ്രകാരം തിരക്ക് നേർത്തുപോയി.

നനുത്ത കാറ്റിൽ അക്കേഷ്യച്ചുവട്ടിലിരുന്ന ജയന്ത്: ചെര ജാനിന്നാകെ കുളമാക്കിയില്ലെ, ഒരവർ നശിപ്പിച്ചില്ലേ എന്ന് പതിഞ്ഞസ്വരത്തിൽ അവളെ കുറ്റപ്പെടുത്തി. നിനക്ക് സാറിനോട് എന്താ ദേഷ്യം...?"

അവൻ ജാനറ്റിന്റെ കണ്ണുകളിലേക്കുറ്റു നോക്കി. അക്വേറിയത്തിൽ ചത്തു മലർന്ന ഒരു റോസ്ഫിഷിന്റെ കണ്ണുപോലെ നിർജ്ജീവമായിരുന്നു അവ.

അവൾ നിഷേധഭാവത്തിൽ തലയാട്ടി.

അപ്പോൾ അവളുടെ മനസ്സുനിറയേ ആ നീലവെളിച്ചമായിരുന്നു. ജാലകശീലകൾ ഫാനിനേ ഭയന്ന് വിറക്കുന്നുണ്ടായിരുന്നു. മദിപ്പിക്കുന്ന ഒരു ഗന്ധത്തോടൊപ്പം അപ്പുറത്തേ മുറിയിൽനിന്ന് അശ്ലീലസ്വരങ്ങളും കുണുങ്ങിച്ചിരിയും അരിച്ചെത്തുന്നുണ്ടായിരുന്നു.

അവൾ മുറിയുടെ മൂലയിലെ ഇരുട്ടിലേക്കു പതുങ്ങിനിന്നു.

'വേണ്ട സാർ പാപമാണുസാർ...'

സിഗരറ്റുമണം മുഖത്തോടടുക്കവേ അവൾ പിടഞ്ഞുപോയി...

'അയാൾ അയാളൊരു ദുഷ്ടനാണ്... അന്ന്... അന്നു ഹോട്ടൽ മുറിയിൽ..." പെട്ടെന്നവൾ തന്റെ വാ പൊത്തി ജയന്തിന്റെ മുഖത്തേക്കു തന്നെ സൂക്ഷിച്ചുനോക്കി. അരുതാത്തതെന്തെങ്കിലും കേട്ടഭാവം...?

അപ്പോൾ അവളുടെ മനസ്സുനിറയേ ആ നീലവെളിച്ചമായിരുന്നു. ജാലകശീലകൾ ഫാനിനേ ഭയന്ന് വിറക്കുന്നുണ്ടായിരുന്നു. മദിപ്പിക്കുന്ന ഒരു ഗന്ധത്തോടൊപ്പം അപ്പുറത്തേ മുറിയിൽനിന്ന് അശ്ലീലസ്വരങ്ങളും കുണുങ്ങിച്ചിരിയും അരിച്ചെത്തുന്നുണ്ടായിരുന്നു.

ഇല്ല, ഒന്നുമില്ല... ഇല്ലെന്നുറപ്പിച്ച് അവൾ ദീർഘമായി നിശ്വസിച്ചപ്പോൾ ജയന്ത് ഉരുകുകയായിരുന്നു.

ശേഷം, അവളുടെ മുഖം പ്രേതത്തെ കണ്ടിട്ടെന്നപോലെ വിളറുകയും ജയന്തിനോട് നാളെ കാണാമെന്ന് ആംഗ്യം കാണിച്ച് കുറച്ചകലെ നിർത്തിയിരുന്ന കാറിനടുത്തേക്ക് ഓടിപ്പോവുകയും ചെയ്തു. കണ്ണടവെച്ച, ചുരുണ്ട മുടിയുള്ള ഒരാൾ കാറിനു ചാരി നില്ക്കുന്നത് ജയന്ത് കണ്ടു.

മുറിയിലെ ചെമന്ന പ്രകാശത്തിൽ, ജാനറ്റിനെ തലമുടി ചുറ്റിപ്പിടിച്ചു ചുഴറ്റി വലിച്ചടുപ്പിച്ച് അയാൾ മുരണ്ടു. സ്വർണ ഫ്രെയിമുള്ള കണ്ണടയ്ക്കുള്ളിൽ എരിയുന്ന അയാളുടെ കുറിയ കണ്ണുകൾ അവൾ കണ്ടു. അവൾ വിതുമ്പുകയായിരുന്നു. അയാളുടെ ആവശ്യത്തിനു മുന്നിൽ അവൾ പകച്ചുനിൽക്കുകയാണ്. തുടർന്ന് നീലിമ പാവമാണെന്നും അവളെ ചതിക്കാനാവില്ലെന്നും വിതുമ്പി. കവിൾ മുറിയുന്ന ഒരടിയേറ്റ് നിലത്തുവീണ അവൾ താൻ ഒരേസമയം ഒരു ഇരയും ചൂണ്ടയുമാണെന്ന തിരിച്ചറിവിൽ പുളയുമ്പോൾ ഒരു ചെറുപ്പക്കാരനാൽ കോരിയെടുക്കപ്പെട്ടു. അപ്പോൾ, മുറിയുടെ മൂലയിൽ ഒരു ക്യാമറക്കണ്ണും തുറന്നിട്ടുണ്ടാകുമെന്ന് ജാനറ്റിന് അറിയുമായിരുന്നു.

ഫ്രീ അവറുകളിൽ കുട്ടികൾ മിക്കവാറും പുറത്തുപോകുമ്പോൾ, തനിച്ചാവുന്ന ജാനറ്റിന്റെ അടുത്ത് – അവളിരിക്കുന്നത് ഏറ്റവും പിന്നിലാണ് – ഡസ്കിൽ അവൻ വന്നിരിക്കാറുണ്ട്. അങ്ങനെയിരിക്കുമ്പോൾ അവന്റെ കുസൃതിക്കണ്ണുകൾ അവളുടെ ടോപ്പിന്റെ മുൻ കഴുത്തിലെ വിടവിലൂടെ മാറിലേക്കു താഴും. ഒരിക്കൽ അവനീ കൗതുകത്തിലേർപ്പെട്ടിരിക്കുമ്പോൾ, ജാനറ്റ് ടോപ്പിന്റെ കൊളുത്തുകൾ വിടുവിച്ച് മാറിടം അവനെ കാണിച്ചു. ജയന്ത് അടിയേറ്റപോലെ മുഖം വെട്ടിച്ചപ്പോൾ അവൾ പറഞ്ഞു.

'ജയന്ത് നല്ല കുട്ടിയല്ലേ... ഇത് നോക്ക്.." പിന്നീടെന്തോ പറയാനാഞ്ഞെങ്കിലും വിഴുങ്ങിക്കളഞ്ഞു.

മറ്റു കുട്ടികൾ ശ്രദ്ധിക്കുന്നുണ്ടോ എന്നവൻ പാളിനോക്കി. ക്ലാസിലുണ്ടായിരുന്ന രണ്ടുമൂന്നു കുട്ടികൾ അവരവരുടെ കാര്യങ്ങളിൽ മുഴുകിയിരുന്നു. കുറ്റബോധത്തോടെ സോറി പറയാൻ തിരിഞ്ഞപ്പോഴും നോട്ടം അറിയാതെ അങ്ങോട്ടുപാഞ്ഞു. അവൾ ഹുക്കിട്ടിരുന്നില്ല. തവിട്ടു നിറമുള്ള ബ്രേസിയറിനു മുകളിലെ മിനുപ്പിൽ അവിടിവിടെയായി പൊട്ടുപോലെ പൊള്ളിക്കരുവാളിച്ച പാടുകൾ!

എന്തോ ബോധോദയമുണ്ടായതുപോലെ അവൾ ധൃതിയിൽ കൊളുത്തുകളിട്ടു. മാറിടത്തിലെ ആ പൊട്ടുകൾ എന്താണെന്നു ചോദിക്കാനുള്ള മനസ്സാന്നിധ്യം അവനുണ്ടായിരുന്നില്ല എന്തെന്നാൽ അവൻ പിടിക്കപ്പെട്ടവനായിരുന്നു.

മൗനത്തിനുവേണ്ടി മാത്രമുള്ള നിമിഷങ്ങളായിരുന്നു അവ. കുട്ടികൾ കൂട്ടം തെറ്റിത്തുടങ്ങിയിരുന്നു. അസർ നമസ്കാരത്തിനുള്ള ബാങ്ക് വിളികേൾക്കായി. 'ലാഹ് ഇലാഹ ഇല്ലല്ലാ...' യെന്ന് മൗനത്തിന്റെ സഹസ്രദള സാന്ദ്രിമയിലേക്ക് പ്രാർത്ഥനയുടെ വിശുദ്ധി ഒഴുകിയെത്തി. ഇപ്പോൾ ജയന്ത്, ജാനറ്റിനെ നെയ്തു ചേർക്കാൻ പണിപ്പെടുകയാണ്.

...വാസ്തവത്തിൽ ഇങ്ങനെയൊരു വയലൻസി ആദ്യമായിട്ടല്ലല്ലോ ജാനറ്റിൽ നിന്നുണ്ടാവുന്നത്. കഴിഞ്ഞ ബുധനാഴ്ചയാണ് ഇന്റർവെൽ സമയത്ത്, തൊട്ടടുത്തിരുന്ന നീലിമയുടെ കൈത്തണ്ടയിലെ കുപ്പിവളകൾ ഞെരിച്ചുടയ്ക്കുകയും ചെവി കടിച്ചു മുറിക്കാൻ ഒരുമ്പെടുകയും ചെയ്തത്. അതിനുള്ള കാരണമെന്തായിരുന്നു എന്ന ചോദ്യത്തിന് 'അവളെന്നോട് വല്ലാതെ അടുക്കാൻ ശ്രമിക്കുന്നു' എന്ന രസകരമായ ഉത്തരമാണ് കിട്ടിയ്. എന്തിനാണ് ആകെ അവൾക്കുള്ള ഒരു കൂട്ടുകാരിയെ പിണക്കുന്നത് എന്ന ചോദ്യത്തിന് മറുപടിയുണ്ടായതുമില്ല. മുമ്പൊരു ദിവസത്തെ കെമിസ്ട്രി ക്ലാസ് സംഭവവും അവന് ഓർമ്മവന്നു.

ഇന്നത്തെ പ്രശ്നത്തിനാണെങ്കിൽ കാരണം നിസ്സാരം. സെക്കന്റവർ, ഹീറ്റ് – എനർജി റിലേഷനെക്കുറിച്ച് ഫിസിക്സുസാറുടെ ചോദ്യത്തിന് അവൾക്ക് ഉത്തരം കിട്ടിയില്ല. സാറവളുടെ തോളിനു താഴെ നുള്ളിയപ്പോൾ അവളുടെ മുഖം വല്ലാതിരുന്നു. പെട്ടെന്ന് സാറിന്റെ കൈ തട്ടിത്തെറിപ്പിച്ച് രൗദ്രഭാവത്തിൽ, ഡസ്കുയർത്തി പലപ്രാവശ്യം തറയിലിടിച്ചു. ഭ്രാന്തിയെപ്പോലെ ഡസ്കിൽ കൈ തല്ലിക്കൊണ്ടിരുന്നു. പുസ്തകവും ബാഗും വലിച്ചെറിഞ്ഞു. ഒടുവിൽ, അവൾ കിതച്ചുവീഴുന്നതുവരെ എല്ലാവരും സംഭ്രാന്തരായിരിക്കുകയായിരുന്നു.

അവളിൽ പല ദുരൂഹതകളും ഉള്ളതായി പലപ്പോഴും ജയന്തിനു തോന്നിയിട്ടുണ്ട്. മുമ്പൊരിക്കൽ ഒരു തൂവാല കാട്ടി മണത്തുനോക്കാനാവശ്യപ്പെട്ടത് അവനോർത്തു. അതിന് വല്ലാത്തൊരു ദുർഗന്ധമുണ്ടായിരുന്നു. മുഖം ചുളിച്ചുനിന്ന തന്നോട് 'ഇതാണ് ആണിന്റെ മണം' എന്നു പറഞ്ഞ് പേടിപ്പിക്കുന്ന ഒരു ചിരി ചിരിക്കുകയുണ്ടായി അവൾ.

അവളിൽ പല ദുരൂഹതകളും ഉള്ളതായി പലപ്പോഴും ജയന്തിനു തോന്നിയിട്ടുണ്ട്. മുമ്പൊരിക്കൽ ഒരു തൂവാല കാട്ടി മണത്തുനോക്കാനാവശ്യപ്പെട്ടത് അവനോർത്തു. അതിന് വല്ലാത്തൊരു ദുർഗന്ധമുണ്ടായിരുന്നു. മുഖം ചുളിച്ചുനിന്ന തന്നോട് 'ഇതാണ് ആണിന്റെ മണം' എന്നുപറഞ്ഞ് പേടിപ്പിക്കുന്ന ഒരു ചിരി ചിരിക്കുകയുണ്ടായി അവൾ.



പലതും കൂട്ടിവായിച്ചപ്പോൾ ചില സംശയങ്ങൾ തോന്നിയെങ്കിലും ഒന്നുമവൻ ചോദിക്കയുണ്ടായില്ല. എന്തെന്നാൽ മമ്മയുടെ സങ്കീർത്തന പുസ്തകത്തിലെ പേരറിയാത്ത ഒരു മാലാഖയുടെ പരിവേഷമായിരുന്നു അവന്റെ ജാനറ്റിന്. ജാനറ്റും എന്തോ ചിന്തിച്ചിരിക്കുകയാണ്. അവൾ അക്കേഷ്യയുടെ ചുവട്ടിലേക്ക് ചാരിയിരുന്നു. കൈയിൽ ഒരു കറുത്ത അക്കേഷ്യവിത്തുണ്ടായിരുന്നു. അവളതിന്റെ മഞ്ഞനിറമുള്ള പൊക്കിൾക്കൊടി വലിച്ചു നീട്ടുകയാണ്. ജയന്താണ് മൗനം മുറിച്ചത്.

"നിനക്കെന്തുപറ്റീ ജാൻ... ഇങ്ങനെയൊക്കെ..." അവൻ വിക്കിപ്പോയി. "വേദനിച്ചിട്ടാണോ നീയീ കോപ്രായങ്ങളൊക്കെ കാണിച്ചത്?"

അപ്പോൾ അവനു താങ്ങാനാവാത്തത്ര രൂക്ഷമായ ഒരു നോട്ടം അവളിൽനിന്നുണ്ടാവുകയും ക്രമേണ ആർദ്രമാകുകയും ചെയ്തു. ജയന്ത് പേടിച്ച് മുഖം താഴ്ത്തിക്കളഞ്ഞു. അവളാകട്ടെ, മിന്നൽവേഗത്തിൽ അവന്റെ ഇരുകൈയും പിടിച്ചെടുത്ത് തന്റെ ചെവിയിൽ വെച്ച് നുള്ളാൻ നിർദ്ദേശിച്ചു. ഭീതിയോടെ കൈ പിൻവലിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ആ നോട്ടത്തിനു വഴങ്ങി നിമിഷങ്ങളോളം അവളുടെ ചെവി അമർത്തി നുള്ളുമ്പോൾ ജയന്ത് സ്വന്തം നഖങ്ങളെ ശപിക്കുകയായിരുന്നു.

അപ്പോൾ, മൃതിയുടെ മലമുടി ചൂഴ്ന്ന് നിഷാദം പിണഞ്ഞിറങ്ങുകയാണ്. സിതാറിന്റെ വിഹ്വലമായ ഞരക്കങ്ങളിൽ...

ദായനിൽ ജന്മസഞ്ചിതമായ മൃത്യുവിന്റെ ചിറകടി പെരുകിക്കൊണ്ടിരുന്നു. സാക്കിർ ഹുസൈൻ പിടഞ്ഞു പിടഞ്ഞൊതുങ്ങുകയും തഴച്ചു തളിർത്തുയരുകയും ചെയ്യുന്നു.

"ജയന്ത്... ഇതു മരണത്തിന്റെ സംഗീതമാണ്.." അവൾ പിറുപിറുത്തു. സന്ധ്യകളുടെ ഭയം ജാനറ്റിന്റെ കണ്ണുകളിലുണ്ടല്ലോ. 'എനിക്കീ സന്ധ്യകളെ പേടിയാണ്. അപ്പോഴത്തെ മരണത്തിന്റെ മണമുള്ള കാറ്റും ഉലയുന്ന മെഴുകുതിരിയുമൊക്കെ...' ഇന്നലെ സന്ധ്യക്ക് പാർക്കിൽവെച്ച് അവൾ പറഞ്ഞത് ജയന്ത് ഓർത്തു.

"നീയത് ഓഫാക്കുമോ....?" അവൻ തെല്ലുൾഭയത്തോടെ യാചനാസ്വരത്തിൽ ചോദിച്ചു. ജാനറ്റ് പെട്ടെന്ന് സ്റ്റീരിയോ ഓഫ് ചെയ്തത് ജയന്തിനെ കുറച്ചൊന്നുമല്ല അത്ഭുതപ്പെടുത്തിയത്.

അല്പനേരം, അതായത് ജാനറ്റ് സംസാരിച്ചു തുടങ്ങുന്നവരെയുണ്ടായിരുന്ന വല്ലാത്ത നിശ്ശബ്ദതയിൽ, ജയന്ത് അവളുടെ കാതിലേക്കാണ് നോക്കിയിരുന്നത്. ഇരു ചെവിയിലും ഇരുണ്ട ചന്ദ്രക്കലപോലെ കരുവാളിച്ചിട്ടുണ്ട്.

"ഇപ്പോ, തബലയിൽ സാക്കിർ ഹുസൈനായിരുന്നു. ജയന്തിന് തബലയിഷ്ടമല്ലേ...? നോക്ക്, തബലയിൽ അപാരമായ സാധ്യതകളുണ്ട്..." അവൾ എഴുന്നേറ്റു.

മുറിയുടെ മൂലയ്ക്ക് കട്ടിലിനു താഴെ വെച്ചിരുന്ന കാര്യർ വലിച്ചെടുക്കാൻ തത്രപ്പെട്ടു. അതെടുത്ത് ജയന്തിനു മുന്നിൽ, നിലത്ത് ചമ്രം പടിഞ്ഞിരുന്നു. തുണിസഞ്ചിയുടെ കഴുത്തിൽ കെട്ടിയിരുന്ന ചരടഴിച്ച് തബലയ്ക്ക് ശ്വാസം നല്കി. ഒരു ദുന്ദുഭി!

"നിനക്കറിയോ... തബലയ്ക്ക് ഒരു സ്വരമേയുള്ളൂ. അതാണതിന്റെ പരിമിതി. പിന്നേ, ഒരു പെണ്ണ് തബല വായിക്കുകയോ എന്നാണ്

നിന്റെ മുഖഭാവമെങ്കിൽ ഞാനത് ഗൗനിക്കുന്നില്ല..." ജാനറ്റ് തബലയിൽ ലയിച്ചു.

"തബലയും പെണ്ണും തമ്മിൽ നല്ല സാമ്യം..." ജയന്തിന് പ്രസന്നത വീണ്ടു കിട്ടി.

"അതെ. രണ്ടു അകമ്പടി വാദ്യമാണ്..." എന്നു മന്ത്രിക്കുമ്പോൾ അവളുടെ കണ്ണുകൾ സജലങ്ങായിരുന്നു. ആ മിഴികളിലേക്ക് നോക്കിയിരിക്കേ, കുറച്ചകലെ തീവണ്ടിയുടെ ചൂളം വിളിയുയർന്നു. നാലുമണി. വിഷമത്തോടെ അവനെഴുന്നേറ്റു.

അന്നും കരഞ്ഞു കലങ്ങിയ കണ്ണുകളും വിളർത്ത മുഖവുമായി ജാനറ്റ് എഴുന്നേറ്റു. നേരം നന്നേ പുലർന്നിരുന്നു.

അവൾ ജനൽ തുറന്നില്ല. പകൽ വെളിച്ചത്തേ ഈയിടെയായി പേടിയാണ്.

ബാത്ത്റൂമിൽ കയറി മുഖം കഴുകി. മാറിലും ചുണ്ടിലും വല്ലാത്ത നീറ്റൽ. അവൾ കണ്ണാടിയിൽ കണ്ട പ്രതിബിംബത്തെ അവജ്ഞയോടെ നോക്കുകയോ കാറിത്തുപ്പുകയോ ചെയ്തില്ല.

വസ്ത്രങ്ങൾ ധരിക്കുമ്പോൾ തറയിൽ കണ്ണോടിക്കുകയായിരുന്നു. സിഗരറ്റു കുറ്റികളും, തീപ്പെട്ടിക്കമ്പുകളും ഉപയോഗിച്ചു കളഞ്ഞ കോൺഡമുകളും അവളിൽ മടുപ്പു പടർത്തി. വാതിൽ തുറക്കുന്നതും കാത്ത് കട്ടിലിലിരിക്കുമ്പോൾ പേടിപ്പിക്കുന്ന ഒരു തിളക്കമുണ്ടായിരുന്നു.

വാതിൽ തുറന്നപ്പോൾ തീരുമാനപൂർവ്വം പുറത്തിറങ്ങിയ അവൾ ഇളം മഞ്ഞ സ്കാർഫ് തലയിലേക്കു വലിച്ചിടുകയും കോറിഡോറിലൂടെ വേഗത്തിൽ നടന്ന് മെറൂൺ നിറമുള്ള മാരുതിയിൽ കയറുകയും ചെയ്തു.

ഇപ്പോൾ ജാനറ്റ് തന്റെ മുറിയുടെ ചുമരിൽ നിറഞ്ഞിരിക്കുന്ന യേശുവിന്റെ ക്രൂശിതരൂപത്തിനു മുന്നിൽ മുട്ടുകുത്തിയിരിക്കയാണ് അവളുടെ കണ്ണുകൾ തുളുമ്പുകയും കണ്ണുനീർ വേദപുസ്തകത്തെ നനച്ചുകൊണ്ട് ചാലിടുകയും ചെയ്തു.

അപ്പോൾ, അവളുടെ ചുമരിൽ നിറഞ്ഞുനിന്ന ക്രൂശിത ക്രിസ്തു പാപത്തിന്റെ ശമ്പളം മരണമാണല്ലോ എന്നോർത്ത് എന്തോ പിറുപിറുത്തശേഷം മുഖം നെഞ്ചിലേക്കു കൂടുതൽ താഴ്ത്താൻ ശ്രമിച്ചു.

'എന്റെ പിഴ, എന്റെ വലിയ പിഴ' യെന്നാണവൾ മന്ത്രിച്ചുകൊണ്ടിരുന്നത്. അനന്തരം വേദപുസ്തകമടച്ചുവെച്ച് എഴുന്നേറ്റ് മേശയുടെ അടുത്തുവരികയും ഒരു പേപ്പറിൽ എന്തോ കുറിക്കുകയും ചെയ്തു.

വൈകിയാലും അഥവാ ജയന്ത് വരികയാണെങ്കിൽ വെറുതേ കാത്തിരുന്നു മുഷിയേണ്ടല്ലോ...

കൊന്തയിലെ ക്രൂശിൽ മുത്തി, എന്തോ ചിന്തിച്ചുകൊണ്ട് സ്റ്റീരിയോ ഓൺ ചെയ്ത്, വെളിയിലാരുമില്ലെന്നുറപ്പുവരുത്തി, ധടുതിയിലിറങ്ങിയ അവൾ ഹോസ്പിറ്റലിന്റെ പിൻഭാഗത്തേക്കാണു നടന്നത്.



> "തബലയും പെണ്ണും തമ്മിൽ നല്ല സാമ്യം..." ജയന്തിന് പ്രസന്നതടവീണ്ടു കിട്ടി. "അതെ. രണ്ടു അകമ്പടി വാദ്യമാണ്..." എന്നു മന്ത്രിക്കുമ്പോൾ അവളുടെ കണ്ണുകൾ സജലങ്ങായിരുന്നു.

ജയന്ത് എത്തിയപ്പോൾ സമയം മൂന്ന് അൻപതായി. മൂന്നരയ്ക്കെത്താനാണ് അവൾ രാവിലെ ഫോൺ ചെയ്തു പറഞ്ഞത്.

ഗേറ്റ് കടക്കുമ്പോൾ ഡെസ്ഡി എന്ന ഗേറ്റ്കീപ്പർ അവനോട് പരിചയഭാവത്തിൽ ചിരിച്ചു. വന്നുപോകുന്ന ഓരോരുത്തരുടേയും മുഖഭാവം 'സസൂക്ഷ്മം' പഠിച്ച് അഭിപ്രായം പറയുക എന്നതാണയാളുടെ ഹോബി. ഇതിനിടെ അവിടുത്തെ അന്തേവാസിയായ റോസിലിന്റെ വല്ല്യമ്മ വന്നപ്പോൾ മുഖലക്ഷണം നോക്കി അയാൾ പറഞ്ഞു: പിറകിലാരോ ഉള്ള പോലെയാണ് വല്ല്യമ്മയുടെ നടത്തമെന്ന്.

സന്ദർശനത്തിനുശേഷം മടങ്ങിയ വല്ല്യമ്മ കാർതട്ടി തൽക്ഷണം മരിക്കുകയായിരുന്നു.

അയാളെ കണ്ടപ്പോൾ ജാനറ്റ് അയാളെക്കുറിച്ചു പറഞ്ഞ പല കാര്യങ്ങളും അവന്റെ മനസ്സിൽ മുട്ടി.

അവൻ പതിവുപോലെ മേട്രനെക്കണ്ട് അനുവാദം വാങ്ങി. സാധുവായ ഒരു കന്യാസ്ത്രീയായിരുന്നു അവർ. എന്തുകൊണ്ടോ ജയന്തിനെ അവർക്കിഷ്ടമാണ്. പ്രാർത്ഥനയുടെ നൈരന്തര്യത്താൽ ദീപ്തമായ മുഖമുള്ള അവരെ ജയന്തിനും ഇഷ്ടമാണ്.

രണ്ടാം നിലയിൽ ജാനറ്റിന്റെ മുറി മാത്രമേ തുറന്നിട്ടുള്ളൂ. അവൾ പാട്ടുകേട്ടിരിക്കയാണോ? ഏപ്രിൽ രണ്ടിനാണ് എല്ലാം തുടങ്ങിയത് വീട്ടിൽ പോയാൽ പഠിക്കാനാവില്ലെന്നു പറഞ്ഞാണ് അവൾ ഹോസ്റ്റലിൽതന്നെ തങ്ങുന്നത്. എന്നിട്ട്...

ജയന്ത് അവളുടെ വാതിലിനടുത്തെത്തിയപ്പോൾ വാതിലും കവിഞ്ഞ് ലയരൂപകത്തിന്റെ തുഷാരഗരിമയായി അല്ലാരാഖ ഒഴുകിവരുന്നുണ്ടായിരുന്നു.

'ഗുഡ് ഈവനിംഗ് ജാൻ..' എന്നു പറഞ്ഞുകൊണ്ടാണ് അവൻ മുറിയിൽ കയറിയതെങ്കിലും മുറിയിലവൾ ഉണ്ടായിരുന്നില്ല. ജാൻ ജാൻ എന്നു രണ്ടുതവണ വിളിച്ചശേഷം, ഈർഷ്യയോടെ സ്റ്റീരിയോ ഓഫാക്കാനാഞ്ഞ അവൻ അപ്പോഴാണ് മേശപ്പുറത്ത് നിവർത്തിവെച്ചിരുന്ന ആ കുറിപ്പിൽ കണ്ണയച്ചത്.

അവന്റെ തല പെരുക്കേ, അകലെ നിന്നൊരു ചൂളം വിളി നാലുമണിപ്പൂവിനെ ഞെരിച്ചുകൊണ്ട് കടന്നുപോയി.

വിറയലോടെ സ്റ്റെർകേസിറങ്ങിയ ജയന്ത് ഒരു നിലവിളിയായി ഗേറ്റുകടന്നുപോകുമ്പോൾ, വിലപ്പെട്ടതെന്തോ നഷ്ടപ്പെട്ടുപോകുന്നവന്റെ വെപ്രാളമാണ് ഡെസ്ഡി അവന്റെ മുഖത്തു വായിച്ചത്. □

# കാലൊച്ചയും കാത്ത്...

ബാബുരാജ്. കെ
II BA Malayalam

പുറത്തെ കോലാഹലങ്ങൾ എപ്പോഴാണ് അടങ്ങിയെന്നോർമ്മയില്ല. മയക്കത്തിന്റെ നൂലിഴകൾ വന്നുമൂടിയ കണ്ണുകളെ കുറ്റം പറയാനും വയ്യ. അസുഖകരമായ ഒരു സ്വപ്നത്തിന്റെ ഞെട്ടലിൽ ഉണർന്നപ്പോൾ നന്ദു ആകെ വിയർത്തിരുന്നു. നെറ്റിത്തടത്തിൽ നിന്നും വിയർപ്പ് തുള്ളികൾ താഴെ ചെന്നിയിലൂടെ ഒലിച്ചിറങ്ങി സമയമെത്രയായി കാണും? മനസ്സിൽ ഒന്നും നിൽക്കുന്നില്ല. പാതിവെളിച്ചം നിറഞ്ഞ കിടക്കമുറിയുടെ നാലുചുമരുകൾക്കുള്ളിൽ നന്ദുവിനെ രോഗം തളച്ചിട്ടിരിക്കുന്നു. പുറം കാഴ്ചകൾ നന്ദുവിനസഹ്യമായി തുടങ്ങിയിരിക്കുന്നു. അതുകൊണ്ടാണല്ലോ നഗര കാഴ്ചകൾക്ക് വഴിതുറക്കുന്ന ജാലകങ്ങൾ പാതി അടച്ചിട്ടിരിക്കുന്നത്.



വല്ലാതെ ആയാസപ്പെട്ട് എഴുന്നേറ്റിരുന്നപ്പോൾ ഇന്നലത്തെക്കാളുമധികം ക്ഷീണം തോന്നി. ദിവസങ്ങളുടെ വെളുത്ത താളുകൾ മറിയുമ്പോൾ ജീവിതത്തിന്റെ കറുത്ത ഏടുകൾ മടങ്ങിപ്പോവുന്നു. കൈവിരലുകളാൽ ചുമരിൽ പരതിയപ്പോൾ കണ്ട സ്വിച്ചമർത്തി. മുറിയിൽ നിറഞ്ഞ വെളിച്ചം! ആ നിറഞ്ഞ വെളിച്ചം നന്ദുവിനെ വളരെ അസ്വസ്ഥനാക്കി. മനസ്സും ശരീരവും വിങ്ങൽകൊണ്ടു മൂടിയപ്പോൾ അല്പമാശ്വാസത്തിനുവേണ്ടി ഫാനിന്റെ സ്വിച്ചമർത്താൻ നോക്കി. പക്ഷേ, മുകളിൽ കറങ്ങിത്തിരിയുന്ന ഫാനിന്റെ ശബ്ദം. എന്നിട്ടുമെന്തേ...?

മുറിയിലെ മൂലയിൽ നിരത്തിയിട്ട ഗ്ലൂക്കോസ് കുപ്പികളും മരുന്ന് കുപ്പികളും. ജാലകപ്പടിയിൽ നിരത്തിയിട്ട ആശ്വാസ ഗുളികകൾ... അവ എന്തോ പരിഹാസച്ചിരിയുമായി നില്ക്കുന്നതുപോലെ തോന്നി. ചുളിവ് വീണ ബെഡ്ഷീറ്റ് നിവർത്തിയിടുമ്പോൾ പുറത്ത് കാല്പെരുമാറ്റം കേട്ടപോലെ... ധൃതിയിൽ ചാരിയിട്ട വാതിലിനു നേരെ കണ്ണയച്ചു. നേരിയ പ്രതീക്ഷയുടെ നാളം പക്ഷേ അകന്നകന്ന് പോവുന്ന കാലൊച്ചയിൽ കെട്ടുപോയി.

ഇനിയുമെന്തേ, വൈകുന്നു....? മനസ്സ് ഒന്നു കാണാൻ ധൃതികൂട്ടുകയാണ്. ചുമരിൽ തൂക്കിയിട്ട കലണ്ടറിലെ അക്കങ്ങൾക്ക് കുറുകെ കോറിയിട്ട വരകൾ.... ഇനി ശേഷിക്കുന്നത് രണ്ടക്കങ്ങൾ മാത്രം!

സാവകാശം എഴുന്നേറ്റു നിന്നു. വല്ലാത്ത തളർച്ച തോന്നി. കൈ കാലുകൾക്ക് വിറയൽ ബാധിച്ചപോലെ. പുറമെ നിന്നുള്ള കരച്ചിൽ കേട്ടപ്പോൾ വാതിൽ പാളികൾ പണിപ്പെട്ട് തുറന്നു. പുറത്ത് അത്യാസന്നയായ രോഗിയെ സ്ട്രെക്ചറിൽ കിടത്തിക്കൊണ്ടുപോവുകയാണ്. അലമുറയിടുന്ന രോഗിയുടെ ദീനമായ ശബ്ദം അവിടെങ്ങും മുഴങ്ങിക്കൊണ്ടിരുന്നു. സ്ട്രെക്ചറിന്റെ പിറകിൽ ഏതോ അറ്റൻഡറോട് ശൃംഗരിച്ച് നില്ക്കുന്നത് രോഗിയുടെ ഭാര്യയായിരിക്കണം. നേഴ്സ് വിളിച്ചപ്പോൾ അവർ നടന്നുചെല്ലുന്നത് കണ്ടപ്പോൾ മനസ്സിലായി. ഉറ്റവർ മരണത്തോട് മല്ലടിക്കുമ്പോൾ അവർ സ്വന്തം കാര്യത്തിൽ സുഖിക്കുകയാണ്. എല്ലാമൊന്ന് ഒതുങ്ങിക്കൂടാനവൾ ആഗ്രഹിക്കുന്നുണ്ടായിരിക്കും. കാണരു

താത്തതെന്തോ കണ്ട മാത്രയിൽ നന്ദു വാതിൽ ചാരിയിട്ടു. അപ്പോഴും പുറത്തെ വരാന്തയിൽ നിന്നു നിലവിളി മുഴങ്ങിക്കൊണ്ടിരുന്നു....

അടഞ്ഞുകിടന്ന ജാലകം മെല്ലെ തുറന്നിട്ടു. ജാലകത്തിലൂടെ കുതിച്ചെത്തിയ കാറ്റിന് കരിന്തിരിയുടെ മടുപ്പിക്കുന്ന മണം... പുറത്തെ കോലാഹലങ്ങൾക്ക് നടുവിൽ വട്ടം തിരിയുന്ന വാഹനങ്ങളും കുറേ മനുഷ്യരും. അലമുറയിട്ടോടുന്ന വണ്ടികളുടെ നിലയ്ക്കാത്ത നിരകൾക്ക് നടുവിൽ വീണു പിടയുന്ന 'കാലം'.

ചാരിയിരുന്ന വാതിൽ പതുക്കെ തുറക്കുന്നതറിഞ്ഞപ്പോൾ പ്രതീക്ഷയോടെ പുറംതിരിഞ്ഞുനോക്കി. കണ്ണുകളിലെ പ്രതീക്ഷകൾക്കു മങ്ങലേറ്റപ്പോൾ സ്വയം സമാധാനിക്കാൻ ശ്രമിച്ചു: "വരും... വരാതിരിക്കില്ല..."

ചുണ്ടിൽ പുഞ്ചിരിയും കൈയ്യിൽ നീളമുള്ള സിറിഞ്ചുമായി കടന്നുവന്ന സിസ്റ്റർ ഒഴിഞ്ഞ ഗ്ലൂക്കോസ് കുപ്പി മാറ്റിയിട്ടു.

"ന്തേ... നന്ദൂന് ഇന്ന് വല്ലാത്ത സന്തോഷം" പുറം കാഴ്ചയിഷ്ടപ്പെടാത്ത ആളെന്തേ ഇന്ന് പതിവിലും വിപരീതമായിട്ടിരിക്കുന്നു. തിരികെ കട്ടിലിൽ വന്നിരുന്നപ്പോൾ സിസ്റ്ററിന്റെ പതിഞ്ഞ സ്വരത്തിലുള്ള ചോദ്യം.

> ഉറ്റവർ മരണത്തോട് മല്ലടിക്കുമ്പോൾ അവർ സ്വന്തം കാര്യത്തിൽ സുഖിക്കുകയാണ്. എല്ലാമൊന്ന് ഒതുങ്ങിക്കൂടാനവൾ ആഗ്രഹിക്കുന്നുണ്ടായിരിക്കും. കാണരുതാത്തതെന്തോ കണ്ട മാത്രയിൽ നന്ദു വാതിൽ ചാരിയിട്ടു. അപ്പോഴും പുറത്തെ വരാന്തയിൽ നിന്നു നിലവിളി മുഴങ്ങിക്കൊണ്ടിരുന്നു....

കൈത്തണ്ട നീക്കിക്കൊടുക്കുമ്പോൾ നന്ദു വിളറിയ ഒരു ചിരി ചിരിച്ചു. ഇപ്പോൾ എല്ലാം വിളറിവെളുത്തിരിക്കുന്നു. ഒളിമങ്ങിയ നിഴലുകൾ ആടുന്ന കണ്ണുകൾക്ക് കീഴെ വേദനയുടെ നുറുങ്ങുവെട്ടം. ചോര കിനിഞ്ഞ കൈത്തണ്ട അമർത്തിപ്പിടിച്ച് തലയിണയിൽ ചാരിക്കിടന്നപ്പോൾ എന്നും തോന്നാത്ത വിധത്തിൽ തളർച്ച തോന്നി. മുറിയിലെ വെളിച്ചത്തിന് മങ്ങലേൽക്കാൻ തുടങ്ങി.

ഇളം മഞ്ഞിലൂടെ ഊളിയിട്ടു പോവുന്ന മനസ്സ് സ്വപ്നത്തിന്റെ കുന്ന് കയറാൻ തുടങ്ങി. മുരടിച്ച വൃക്ഷത്തലപ്പുകളിൽ നിന്നും കൊഴിഞ്ഞുപോയ ഇലകളെ നോക്കി നെടുവീർപ്പിടുന്ന കൂറ്റൻ മരങ്ങൾ വിണ്ടുകീറിയ ഭൂമിയുടെ നിശ്വനവും കേട്ട് മലകയറാൻ തുടങ്ങിയിട്ടൊരുപാടായി. കുന്നിൻ നെറുകയിലെ പാറക്കെട്ടുകൾക്കു മീതെ കയറി നിന്നു. ഉച്ചത്തിലുള്ള ശീല്ക്കാര ശബ്ദത്തോടെ ആഞ്ഞുവീശുന്ന കാറ്റ്. താഴെ അഗാധമായ ഗർത്തത്തിലെ കട്ടപിടിച്ച തമസ്സിൽ ആരുടെയോ പൊട്ടിച്ചിരി... ഉലഞ്ഞുപോവുന്ന വസ്ത്രങ്ങൾ ഭ്രാന്തമായ ആവേശത്തോടെ ആടിയുലയുന്നു. പിൻകഴുത്തിനു താഴെ നേർത്ത തണുപ്പിന്റെ സ്പർശനം. വെട്ടിത്തിരിഞ്ഞു നോക്കുന്നതിനു മുമ്പേ തണുത്ത കരങ്ങൾ അഗാധതയിലേക്ക് തള്ളിയിട്ടു. പുറംതിരിഞ്ഞു വീണപ്പോൾ കണ്ട മുഖം!! മീര! അലറി വിളിച്ച പേരുകൾക്കൊപ്പം ശരീരം താഴേക്ക്.... താഴേക്ക്...

വല്ലാത്തൊരു പിടച്ചിലോടെ ഞെട്ടിയുണർന്നു. കണ്ട സ്വപ്നത്തിന്റെ ബാക്കിയെന്നോണം ശരീരത്തിൽ ഒലിച്ചിറങ്ങുന്ന വിയർപ്പ് തുള്ളികൾ ഇരുട്ടിലാണ്ടു പോയ മുറിയിലിത്തിരി ആശ്വാസം കിട്ടാൻ നന്ദു ആശിച്ചു. വിറയാർന്ന കൈകളാൽ ചുമരിലെ സ്വിച്ചമർത്തി. കറന്റെപ്പോഴോ നിലച്ചിരിക്കുന്നു! ഇപ്പോൾ തന്റെ ജീവിതം പോലെ തന്നെ ഈ മുറികളും കനത്ത തമസ്സിലാണ്.

ഉള്ളിൽ മുഴങ്ങുന്ന നിലവിളിയെ കൂടാതെ യാഥാർത്ഥ്യത്തിന്റെ ഒരു കൂട്ടം നിലവിളികൾ ഉയർന്നുപൊങ്ങി. അടുത്ത മുറിയിലുള്ളവരായിരിക്കണം. അവർക്കും ഈ ഏകാന്തമായ തടവറയിൽ നിന്നും മോക്ഷം കിട്ടിയിരിക്കുന്നു. ഇനി....? നന്ദുവിന് മനസ്സിൽ വല്ലാത്ത ആശ്വാസം തോന്നി.

മനസ്സിനുള്ളിൽ കുരുങ്ങിയ നിലവിളിയുടെ അർത്ഥമെന്താണ്? ഇപ്പോൾ ഒന്നുമല്ലാത്തയീ അവസ്ഥയിൽ; എന്നാൽ ഏറെ പ്രതീക്ഷയുണർത്തുന്ന വേളയിൽ ഒരു പേക്കിനാവ് പോലെ മീര മനസ്സിൽ വരാൻ കാരണം?!! ഒരാഴ്ച മുമ്പേ അവൾക്കയച്ച കത്തിനുള്ള മറുപടിയായിരിക്കുമോ ഇത്! അന്നു മുതൽ കാത്തിരിക്കുകയാണ്; വെറുതേ ഒന്നു കാണാൻ, ആ മുഖം കണ്ടൊന്ന് നിർവൃതിയോടെ കണ്ണടയ്ക്കുവാൻ...

കാത്തിരിപ്പിന്റെ നിമിഷങ്ങൾ കടന്നുപോവുന്തോറും മനസ്സിൽ അസ്വസ്ഥതയേറുന്നുണ്ടായിരുന്നു. ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത അവൾ മറന്നിരിക്കുമോ? ഒരു ജീവിതം തുടങ്ങാനാരംഭിച്ച ദിവസം വർഷങ്ങൾക്കുമുമ്പേ... അല്ലെങ്കിലും ഓർക്കാനിഷ്ടപ്പെടാത്ത ഒരു ദിവസത്തിനുവേണ്ടി സമയം പാഴാക്കാൻ തന്നെപ്പോലെ ഒരു വിഡ്ഢിയല്ലല്ലോ, അവൾ.

—ന്നാലും നന്ദു വ്യർത്ഥമായി ആശിച്ചു പോവുന്നു:'വന്നിരുന്നെങ്കിലെന്ന്... മനസ്സ് ഒരു നിമിഷം പിന്നിട്ട വർഷങ്ങളിലേക്ക് എത്തിനോക്കി. വേദനയോടെ വിലക്കാൻ നോക്കിയിട്ടും നിറം മങ്ങാത്ത ഒരു വർണ്ണമായി മനസ്സിൽ നിറയാൻ തുടങ്ങി.

ഒരു ജോലിയെന്ന സങ്കല്പവുമായി കോളേജിലെ ക്ലാസ് മുറികളിൽ ഒതുങ്ങിക്കൂടുമ്പോൾ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ വീണുരുളുന്ന കുടുംബമായിരുന്നു മനസ്സു നിറയെ. അരവയർ മുറുക്കിയുടുത്ത് പണിയെടുക്കുന്ന അമ്മ, ദൈന്യതയാർന്ന കണ്ണുകളിൽ ഒഴിഞ്ഞ മൺകലങ്ങൾ നോക്കി നെടുവീർപ്പിടുന്ന പെങ്ങന്മാർ... അനസ്സിൽ തെളിയുന്നത് ദാരിദ്ര്യത്തിന്റെ വെള്ളിരേഖകളാണ്. നന്ദു തന്റെ ആത്മദുഃഖങ്ങളെല്ലാം വെള്ള കടലാസിൽ കോറിയിടുമായിരുന്നു. ആകസ്മികമായി കോളേജ് തലത്തിൽ വെച്ച് നടത്തിയ ചെറുകഥാ മത്സരത്തിലെ സമ്മാനം നന്ദുവിനായിരുന്നു. സമ്മാനദാന ചടങ്ങിൽവെച്ചാണ് അവൻ മീരയെ ആദ്യമായി കാണുന്നത്. കവിതയിൽ മീരയ്ക്കായിരുന്നു സമ്മാനം.

ആദ്യത്തെ പരിചയത്തിന്റെ മറ പാടേ നീങ്ങിയപ്പോൾ അവരന്യോന്യം അടുത്തു. മനസ്സ് ഒരുപാട് വിലക്കിയിട്ടും മീരയുടെ നിഷ്കളങ്കമായ സ്നേഹത്തിനു മുമ്പിൽ നന്ദുവിന അടിപതറി.

ഇഷ്ടങ്ങൾ ഒന്നു ചേർന്ന ആദ്യരാത്രിയിൽ മഞ്ഞുവീഴുന്ന പ്രകൃതിയെ നോക്കി അവരിരുന്നു. നിലാവ് നിറഞ്ഞ രാവിന്റെ മാറിൽ ഇളംചുണ്ടമർത്തി കിക്കിളി കൂട്ടുന്ന കുസൃതിക്കാറ്റ്...



വളരെ അടുത്തിടപഴകിയപ്പോഴാണ് മീരയെന്ന സമ്പന്ന പുത്രിയുടെ തീരാദു:ഖങ്ങൾ അവനറിയുന്നത്. സമ്പന്ന കുടുംബത്തിലെ അച്ഛനമ്മമാരുടെ ഏകമകൾ. ഇഷ്ടംപോലെ സ്വത്തും, പരിചാരകരുമുണ്ട്. പക്ഷേ അവളതൊന്നും ആഗ്രഹിച്ചില്ല. അവൾക്ക് വേണ്ടിയിരുന്നത് 'സ്നേഹം' മാത്രമാണ്. രാപകൽ ക്ലബ്ബുകളിൽ കഴിഞ്ഞുകൂടുന്ന അച്ഛനമ്മമാർക്ക് 'മീര'യെന്ന പുത്രിയുടെ മനസ്സ് കാണാനെവിടെ നേരം? 'സ്നേഹം' അത് പിടികിട്ടാത്ത ഒരു തരം മരീചികയോ, മരുപ്പച്ചയോ ആണെന്നു തുടങ്ങിയപ്പോഴാണ് നന്ദുവിനെ കാണുന്നത്. അവനോട് സംസാരിച്ചിരിക്കുമ്പോൾ വർഷങ്ങൾക്കു മുമ്പേ അടുത്തപോലെ....

ദിവസങ്ങൾക്കുമീതെ കറുപ്പും വെളുപ്പും വീണ് വിരൂപത ബാധിച്ചു. അവസാനം കോളേജിനോട് വിടപറയാൻ ഒരുദിവസം കൂടി... മനസ്സിൽനിന്നും ഒരു കുഞ്ഞിക്കിളി ഇനിയെന്നു കാണുമെന്ന ആശങ്കയാൽ പാറിപറക്കന്നു. ശൂന്യമായ കാമ്പസിലെ വരണ്ട മണ്ണിലൂടെ നടന്നപ്പോൾ കൊഴിഞ്ഞു വീണ പൂക്കളെ കണ്ടു. മൗനം തളംകെട്ടി നില്ക്കുന്ന ഇടനാഴിയുടെ അറ്റത്തുവെച്ച് നന്ദു മീരയുടെ കൈകളിൽ അമർത്തിപ്പിടിച്ചു.

വർഷങ്ങൾക്കുശേഷം വീണ്ടും ഒന്നിച്ചപ്പോൾ ഗൂഢമായ പുഞ്ചിരി മനസ്സിൽ തളംകെട്ടി നിന്നിരുന്നു. പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്ത് നിഷ്കളങ്കമായ സ്നേഹത്തിന് അടിവരയിട്ടു. ഇഷ്ടങ്ങൾ ഒന്നുചേർന്ന ആദ്യരാത്രിയിൽ മഞ്ഞുവീഴുന്ന പ്രകൃതിയെ നോക്കി അവരിരുന്നു. നിലാവ് നിറഞ്ഞ രാവിന്റെ മാറിൽ ഇളംചുണ്ടമർത്തി കിക്കിളി കൂട്ടുന്ന കുസൃതിക്കാറ്റ്...

പിന്നീടുള്ളത് ഓർമ്മിക്കാൻ നന്ദു വല്ലാതെ അധൈര്യപ്പെട്ടു. ജനൽപ്പടിയിൽ ചാരിവെച്ച പുസ്തകം കൈയ്യിലെടുത്തു. താളുകളിൽ ശ്രദ്ധതിരിക്കാൻ ശ്രമിച്ചു. താളുകൾക്കിടയിലൂടെ കണ്ണോടിക്കവെ, വർഷങ്ങൾക്കു പിന്നിലൊളിച്ച ഒരു കറുത്ത അധ്യായത്തിന്റെ ചിറകു കൂടി നന്ദുവിന്റെ മുന്നിൽ പിടഞ്ഞു വീണു.

മുല്ലപ്പൂവിന്റെ മണമുള്ള കട്ടിലിൽ പുതു ഗന്ധമേറ്റു കിടക്കവെ പൊടുന്നനെ വയറിനുള്ളിൽ നിന്നും കൊത്തി നുറുങ്ങുന്ന വേദനം തൊണ്ടയിലെ ഞരമ്പിന് വല്ലാത്ത പിടച്ചിൽ... ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്ന് പുറത്തെ പറമ്പിലേക്ക് ഏങ്ങി നിന്നു ഛർദ്ദിച്ചു. തൊണ്ട വല്ലാതെ വലിഞ്ഞു മുറുകിയിരുന്നു. വായ കഴുകാൻ ഇത്തിരി വെള്ളണെടുത്തപ്പോഴാണ് കൈയ്യിലും വസ്ത്രത്തിലും പറ്റിപ്പിടിച്ച ചോര കാണുന്നത്. വായിൽ മുഴുവൻ കട്ടപിടിച്ച ചോര!!

തിരികെ മുറിയിൽ മീരയ്ക്കരികെ വന്നു കിടന്നപ്പോൾ അവളെ ചേർത്തണച്ചപ്പോൾ കണ്ണീരുവീണു തലയിണ മുഴുവൻ നനഞ്ഞു. മരണത്തിന്റെ ഗന്ധം അന്നു താനറിഞ്ഞിരുന്നുവോ?

ഒരുദിവസം മാത്രം ഒരുമിച്ചു ജീവിക്കാൻ അനുവദിച്ച വിധിയെ സ്വയം പഴിച്ചു. കെട്ടിയ മിന്ന് ബലായി അവളുടെ കഴുത്തിൽനിന്നും പൊട്ടിച്ചെടുത്തപ്പോൾ തിരിഞ്ഞുനോക്കിയ കണ്ണുകളിലെ നിസ്സഹായത കണ്ടില്ലെന്നു നടിച്ചു. കണ്ണീർ വീണൊഴുകുന്ന കവിളുകൾ മെല്ലെ തുടച്ചുകൊടുക്കണമെന്നുണ്ടായിരുന്നു, പക്ഷേ; വിരലുകളിൽ ബാധിച്ച മരവിപ്പിനെ മാറ്റാനായില്ല.


എല്ലാം നല്ലതിനാണെന്ന് നന്ദു ആശ്വസിച്ചു. വെറും രണ്ടുമാസം ദൈർഘ്യമുള്ള ജീവിതമാണ്. തനിക്കു മുമ്പിലുള്ളതെന്ന് ഡോക്ടർ തുറന്നു പറഞ്ഞപ്പോൾ ഉള്ളു നിറയെ വിങ്ങലായിരുന്നു. പക്ഷേ, പടിയിറങ്ങിപ്പോവുന്ന മീരയെ കണ്ടപ്പോൾ, തെല്ലൊരാശ്വാസം തോന്നി. ദു:ഖത്തിന്റെ പടുകുഴിയിലെ തീരാകണ്ണീരിൽ നിന്നും അവർ രക്ഷപ്പെടുമല്ലോ എന്ന തോന്നൽ. സ്നേഹിക്കാൻ മാത്രമറിയാവുന്ന ആ പാവം പെണ്ണിന്റെ മനസ്സിൽ ഈ കൊടുംചതിയന്റെ മുഖമിനി എത്രകാലമെന്നോർത്തു നെടുവീർപ്പിട്ടു. സത്യം എല്ലാവരിൽനിന്നും മറച്ചുവെച്ചു. ആരും വേദനിക്കുന്നത് കാണാനിഷ്ടമായിരുന്നില്ല. അതുകൊണ്ടാണല്ലോ വീട്ടുകാരോടും താനിവിടെയാണെന്ന കാര്യം ആഴ്ചകൾക്കു മുമ്പെ അയച്ച കത്തിലൂടെ വ്യക്തമാക്കിയത്.

മഴക്കാറുകൾ ഉരുണ്ടുകൂടിയ ഒരു സന്ധ്യാനേരത്ത് ദിവസങ്ങളുടെ കണക്കുകൾ തിട്ടപ്പെടുത്തി ഡോക്ടറുടെ കൈയ്യിൽനിന്നും കുറിപ്പുവാങ്ങി മനം മടുപ്പിക്കുന്ന ഗന്ധങ്ങളിൽനിന്നും രക്ഷപ്പെട്ട്, ഒരാഴ്ചത്തേക്കുള്ള മരുന്ന് വാങ്ങാൻ ഷോപ്പിൽ കയറി നില്ക്കവെ, റോഡിൽ ട്രാഫിക് ബ്ലോക്കിൽ കുടുങ്ങി നിരന്നിരിക്കുന്ന വാഹനങ്ങളുടെയിടയിലേക്ക് വെറുതേ കണ്ണോടിച്ചു. മരുന്നു ഷോപ്പിന്റെ മുന്നിലെ സ്ക്കൂട്ടറിന്റെ പിറകിൽ അലസമായി മുടി മാടിയൊതുക്കുന്ന മീരയെ കണ്ടു. അവളെ കണ്ട മാത്രയിൽ സന്തോഷം കൊണ്ട് കണ്ണുകൾ നിറഞ്ഞു. ഒരു നിമിഷത്തെ ചിന്തയാൽ സ്വയം ഉൾവലിഞ്ഞു. അവൾ കാണാതിരിക്കാൻ വിഫലമായ ശ്രമം നടത്തി. ബ്ലോക്ക് നീങ്ങി വണ്ടി എടുക്കുന്നതിനിടെ എപ്പോഴോ അവൾ നന്ദുവിനെ കണ്ടു. അയാൾ പുഞ്ചിരിക്കാൻ ശ്രമിച്ചു. കണ്ണീർ പാട വീണ് കണ്ണുകൾക്ക് മങ്ങലേറ്റു. നന്ദുവിനെ വിളിക്കാനെന്നവണ്ണം ആ കൈകളൊന്നനങ്ങിയോ? വണ്ടിയുടെ പരക്കം പാച്ചിലിനിടയിലൂടെ അവൾ തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു.

മറഞ്ഞു മറഞ്ഞുപോകുന്ന വണ്ടിയുടെ നിഴൽ വർഷങ്ങൾക്കു ശേഷം ഇപ്പോഴും മനസ്സിൽ തങ്ങി നിൽക്കുന്നു.

ഉള്ളിൽ തികട്ടിവന്ന ചുമ... ചുമയ്ക്കൊടുവിൽ കോളാമ്പിയിലേക്ക് തുപ്പി കളഞ്ഞ കഫത്തിൽ നിറയെ ചോര! ഇപ്പോൾ ചുമയ്ക്കാൻ നന്ദുവിന് പേടിയാണ്. ഒരു ദിവസം മാത്രം... പ്രതീക്ഷയോടെ കാത്തിരുന്ന ഒരു ദിവസം കൂടി...

# കഥ



**തിരികെ മുറിയിൽ മീരയ്ക്കരികെ വന്നു കിടന്നപ്പോൾ അവളെ ചേർത്തണച്ചപ്പോൾ കണ്ണീരുവീണു തലയിണ മുഴുവൻ നനഞ്ഞു. മരണത്തിന്റെ ഗന്ധം അന്നു താനറിഞ്ഞിരുന്നുവോ?**


എണ്ണപ്പെടാനിനി, നിമിഷങ്ങൾ മാത്രം!

ഒരു ദിവസം കൂടി കരിഞ്ഞുവീണിരിക്കുന്നു. ചുമരിലെ കലണ്ടറിൽ ഒരക്കം മാത്രം ശേഷിച്ചു. ഇന്ന് നന്ദുവിന് വല്ലാത്ത ഉന്മേഷം തോന്നി. ഇതുവരെ കാത്തിരുന്നതെന്തോ, അത് കിട്ടുമെന്ന തോന്നൽ.... രാവിലെ സിസ്റ്റർ വച്ച സിറിഞ്ചിന് തളർച്ചയെല്ലാം മാറ്റാൻ കഴിയുമെന്ന് തോന്നി. എഴുന്നേറ്റ് നിന്ന് ജാലകവാതിൽ തുറന്നിട്ടു. പുറത്തെ വായു ആഹ്ലാദത്തോടെ വന്ന് തൊട്ടുതലോടിയപ്പോൾ വല്ലാത്ത സുഖം ഇവയും, വേർപിരിയുമെന്ന സങ്കടത്താൽ വീർപ്പുമുട്ടുകയാണോ?

ചാരിയ വാതിൽ പതുക്കെ തറന്ന് ഉള്ളിലെത്തിയ അതിഥികളെക്കണ്ട് വിസ്മയിച്ചുപോയി. അമ്മ, പെങ്ങന്മാർ... ഉള്ളിൽ സങ്കടം തോന്നിയില്ല. കരഞ്ഞു കലങ്ങിയ കണ്ണുകൾ എന്തോ പിറുപിറുക്കാനാരംഭിച്ചപ്പോൾ നന്ദു സ്വയം വിലക്കി. "ഒന്നിനും പരാതിയോ, പരിഭവമോ വേണ്ട" നിങ്ങൾ വന്നല്ലോ, അതുമതി... അതുതന്നെ ധാരാളം...

അവർക്കിടയിലൂടെ കണ്ണകർ സഞ്ചരിക്കവെ അറിയാതെ മുഖത്ത് വന്ന ചോദ്യത്തിന് അമ്മ ഉത്തരം നല്കി.

"സരസു മീരയെ കൊണ്ടോരാൻ പോയിട്ടുണ്ട്. ഇപ്പോ എത്തുമായിരിക്കും" അമ്മയുടെ ഇടറിയ ശബ്ദം. കുഴിഞ്ഞ കണ്ണുകളിൽ വർഷങ്ങളായി കാത്തുവെച്ച ദുഃഖം ഘനീഭവിച്ചു കിടന്നിരുന്നു.



പുറത്ത് മഴത്തുള്ളികൾ പതിക്കുന്ന ശബ്ദം ആർത്തലച്ചു കടന്നുപോയി കാറ്റിനെന്തോ പരിഭവം പറയാനുണ്ടെന്നമട്ടിൽ കാൽമുട്ടുകളിൽ കുറച്ചുനേരം ഉരുമ്മിനിന്നു.

മഴയുടെ ശക്തി കൂടിയിരിക്കുന്നു. പുറമെ നിന്നുള്ള ആരവങ്ങളെല്ലാം നിലച്ചപോലെ... മുറിയുടെ ചുവരിലെ വിടവുകൾക്കുള്ളിലെവിടെയോ നിന്ന് ചിലയ്ക്കുന്ന പല്ലിയുടെ ചിലമ്പിച്ച സ്വരം. തണുപ്പ് മുറിയിൽ നിറഞ്ഞിരിക്കുന്നു. അറിയാതെ കണ്ണുകൾ അടഞ്ഞുപോവുമ്പോൾ മുമ്പിലുള്ളത് കാണാൻ മിഴികൾ വലിച്ചു തുറക്കുന്നു; പക്ഷേ നിരാശയോടെ വീണ്ടും അടക്കുന്നു.

ഇടയ്ക്കെപ്പോഴോ മുറിയിൽ കടന്ന നേഴ്സിന്റെ കൈയ്യിലെ വലിയ സൂചിയിൽ കണ്ണുകൾ തറച്ചു. സൂചിമുനത്തുമ്പിലെ മരുന്നുതുള്ളിയിലേക്ക് നോക്കിയിരിക്കവെ ഒരു മഞ്ഞുപാടപോലെ വന്നു നിറഞ്ഞ നേഴ്സിന്റെ മുഖം ഇതുവരെയും കാണാത്തപോലെ...

ബോധം പതുക്കെ മറഞ്ഞ് പോവുമ്പോഴും ചാരിയ വാതിലിനു പുറത്തെ കാലൊച്ചയും കാതോർത്തിരിക്കവെ മനസ്സ് മനസ്സിനോട് മന്ത്രിക്കുകയായിരുന്നു. "വരും.... വരാതിരിക്കില്ല..." □